# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചാലക്കുടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(എം3)541/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/05/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചാലക്കുടി മുനിസിപ്പാലിറ്റി

സർ,

വിഷയം : ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(എം3)541/2023 തീയ്യതി: 03/05/2023

## തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 26-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുധാദാസ് | ജോയന്റ് ഡയറക്ടർ | 27-03-2023 | 05-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-03-2023 | 05-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന കെ. ടി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സീനത്ത് പി. എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രവിദ പി. എ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ
ശ്രീ. രഞ്ജിത്ത് പി. ആർ, ഓഡിറ്റർ
ശ്രീമതി ബിന്ദു കെ. എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വി ഒ പൈലപ്പൻ | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ. ആകാശ് എം എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. തോമസ് കെ സി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ഷീജ എൻ എ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 01-04-2021 | 31-03-2022 |
| ശ്രീ. പോൾ തോമസ് വി | ഹെൽത്ത് ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. സിസി എ എൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.മോളി ആന്റണി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.സ്മിത ജോസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. മനോജ് പി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 28-10-2021 |
| ശ്രീ പ്രദീപ് | വ്യവസായ വികസന ഓഫീസർ | 29-10-2021 | 31-03-2022 |
| ശ്രീ പ്രസാദ് കെ ആർ | പ്രോജക്ട് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജുബീന | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. അശോക്കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. സുഭാഷ് എം കെ | മുൻസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഗീത | പ്രിൻസിപ്പാൾ(ഇൻ ചാർജ്ജ്),G.B.H.S.S | 01-04-2021 | 08-12-2021 |
| ശ്രീമതി. നിത ആർ നായർ | പ്രിൻസിപ്പാൾ,G.B.H.S.S | 09-12-2021 | 31-03-2022 |
| ശ്രീമതി.ജെയ്സി ആന്റണി | പ്രിൻസിപ്പാൾ,V.H.S.C | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീബ ടി ബി | പ്രധാന അദ്ധ്യാപിക,ഗേൾസ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഹൈസ്കൂൾ | | |
| ശ്രീമതി.സജി | പ്രധാന അദ്ധ്യാപിക,വി.ആർ പുരം ഹൈസ്കൂൾ | 01-04-2021 | 31-03-2022 |
| ശ്രീമതി. സോഫി പി ആന്റണി | പ്രധാന അദ്ധ്യാപിക,എൽ.പി സ്കൂൾ | 01-04-2021 | 01-12-2021 |
| ശ്രീമതി.ശ്രീജ | പ്രധാന അദ്ധ്യാപിക,എൽ.പി സ്കൂൾ | 02-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-ഫണ്ട് വിനിയോഗം (കാഷ് ബുക്ക് പ്രകാരം) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ | 1-10 |
| 11 | ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല-വരുമാനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി-ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-10-2 |
| 13 | വാടക-ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-10-3 |
| 14 | Prior Period Items-രേഖപ്പെടുത്തലുകൾക്ക് ആധാരമായ രേഖകളില്ല | 1-10-4 |
| 15 | ജേണൽ വൗച്ചർ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് വൗച്ചറുകൾ ഇല്ല | 1-10-5 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-6 |
| 17 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-10-7 |
| 18 | മുൻകൂർ രജിസ്റ്റർ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-10-8 |
| 19 | വായ്പ രജിസ്റ്ററിലെ കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-10-9 |
| 20 | ബാധ്യത ശീർഷകങ്ങളും തത്തുല്യമായ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല | 1-10-10 |
| 21 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - കാഷ് ബുക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-10-11 |
| 22 | സ്റ്റോക്ക് രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-10-12 |
| 23 | ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-10-13 |
| 24 | പ്രൊവിഷൻ കണക്കാക്കിയ വർക്ക് ഷീറ്റുകൾ ലഭ്യമാക്കിയില്ല | 1-10-14 |
| 25 | Directly Debited By Bank-ഇടപാടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-10-15 |

| | | |
|---|---|---|
| 26 | Directly Credited By Bank-ഇടപാടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-10-16 |
| 27 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല | 1-10-17 |
| 28 | നിക്ഷേപിച്ച് ദീർഘകാലമായിട്ടും ചെക്കുകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയില്ല | 1-10-18 |
| 29 | രസീത്-കളക്ഷൻ തുകകൾ മാസങ്ങൾക്കു ശേഷം അടവാക്കുന്നു | 1-11 |
| 30 | ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്-വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല | 1-12 |
| 31 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകതകൾ | 1-13 |
| 32 | വിനോദ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-14 |
| 33 | പൂർത്തിയാക്കിയ കെട്ടിടഭാഗങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. | 1-15 |
| 34 | ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ലാത്തതിനാൽ വസ്തു നികുതിയുടെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. | 1-16 |
| 35 | അനധികൃത നിർമ്മാണം- കെട്ടിടം ബന്ധപ്പെട്ട ചട്ടങ്ങൾക്കു വിധേയമായി ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് | 1-17 |
| 36 | റോഡ് പുറമ്പോക്ക് കൈയ്യേറ്റം- തുടർനടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ് | 1-18 |
| 37 | ഇൻഡോർ സ്റ്റേഡിയം- കെട്ടിടം ക്രമവൽക്കരിക്കുന്നതിനും കായികതാരങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-19 |
| 38 | തൊഴിൽ നികുതി അടവാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1-20 |
| 39 | ലേലം- ഡെപ്പോസിറ്റ് ഹെഡിൽ നിന്നും തുക വരവ് ഹെഡിലേക്ക് മാറ്റേണ്ടതാണ്. | 1-21 |
| 40 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയുമായി ബന്ധപ്പെട്ട അപാകതകൾ | 1-22 |
| 41 | സെന്റ് ജയിംസ് ആശുപത്രി കെട്ടിട ക്രമവൽക്കരണം- വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-23 |
| 42 | വെള്ളക്കരം കുടിശ്ശിക -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-24 |
| 43 | സർക്കാർ ഉത്തരവുകൾക്കനുസൃതമല്ലാതെ വാങ്ങൽ നടത്തി | 1-25 |
| 44 | തുക മുൻകൂർ നൽകിയിട്ടും മുഴുവൻ മരുന്നുകൾ ലഭ്യമായില്ല. | 1-26 |
| 45 | പാലിയേറ്റീവ് കെയർ- ഫിസിയോ തെറാപ്പിസ്റ്റിന് വേതനം- | 1-27 |

| | | |
|---|---|---|
| | പരിധിയിലധികം തുക ചെലവഴിച്ചു. | |
| 46 | നഗരസഭ ഉദ്യോഗസ്ഥർക്കും ഭരണസമിതി അംഗങ്ങൾക്കും മുൻകൂർ നൽകിയത്- വൻതുക ക്രമീകരിക്കാനായി അവശേഷിക്കുന്നു. | 1-28 |
| 47 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-29 |
| 48 | ജല അതോറിറ്റിയ്ക്ക് നൽകിയ തുകകളുടെ പൂർത്തീകരണവിവരം അറിയിച്ചിട്ടില്ല | 1-30 |
| 49 | അമൃത് പദ്ധതി - ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-31 |
| 50 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പ്രൊജക്ട് -അനുവദിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമല്ല | 1-32 |
| 51 | സേവാഗ്രാം കെട്ടിടം പ്രവർത്തനക്ഷമമാക്കൽ പ്രൊജക്ട് -മാർഗരേഖ പാലിച്ചില്ല | 1-33 |
| 52 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ (AMC)-ചെലവുതുക 20,59,042/- രൂപ തടസ്സപ്പെടുത്തുന്നു | 1-34 |
| 53 | പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നില്ല | 1-35 |
| 54 | സർക്കാർ അനുവദിച്ചതിലും അധികരിച്ച തുകയ്ക്ക് വാഹനം വാങ്ങിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ് | 1-36 |
| 55 | പോഷകാഹാര പദ്ധതി - വലിയതുക ചെലവ് ചെയ്ത് ബിരിയാണി റൈസ് വാങ്ങുന്നു. | 1-37 |
| 56 | ഭക്ഷ്യ വിതരണത്തിനായി സപ്ലൈകോയെ ഒഴിവാക്കി എറണാകുളം ജില്ലാ മൊത്ത വ്യാപാരസഹകരണസംഘത്തെ ഏർപ്പെടുത്തിയത്-സർക്കാർ ഉത്തരവിന് വിരുദ്ധം | 1-38 |
| 57 | ഹരിതകർമ്മ സേന- വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നത് സംബന്ധിച്ച് | 1-39 |
| 58 | ഖരമാലിന്യ സംസ്കരണ പ്ലാന്റ്- പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-40 |
| 59 | ഒരേ വൗച്ചറിന് രണ്ട് പ്രാവശ്യം തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല - അധികം നൽകിയ തുക തിരിച്ചടക്കേണ്ടതാണ്. | 1-41 |
| 60 | കരിങ്കല്ല് സ്റ്റോക്കിലെടുത്തതിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. | 1-42 |
| 61 | മാതറോഡ് നവീകരണം -ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക നൽകി. | 1-43 |
| 62 | ടാർ അധികവിഹിതം നൽകിയത് -അപാകതകൾ | 1-44 |
| 63 | PMAY ഭവന നിർമ്മാണ പദ്ധതി -രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. | 1-45 |
| 64 | ടൗൺഹാളിൽ അകൗസ്റ്റിക്സ് സംവിധാനം പൂർത്തീകരണം- സെന്റേജ് ചാർജ്ജ്,ഓവർഹെഡ് ചാർജ്ജ് എന്നിവ അധികം നൽകി. | 1-46 |
| 65 | ടൗൺഹാൾ അടിസ്ഥാന സൗകര്യ വികസനം -അപാകതകൾ | 1-47 |
| 66 | സൂപ്പർവിഷൻ ചാർജ്ജ് അധികം നൽകി. | 1-48 |

| | | |
|---|---|---|
| 67 | കാലിബാരലിന്റെ വില കരാറുകാരിൽ നിന്നും കുറവ് ഈടാക്കി. | 1-49 |
| 68 | കുഴിച്ചടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. | 1-50 |
| 69 | ടൗൺഹാൾ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. | 1-51 |
| 70 | ജി.ജി.എച്ച്.എസ്. - വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ- നിലവിലുള്ള ഉത്തരവുകൾ പാലിക്കാതെ വാങ്ങലുകൾ നടത്തി. | 1-52 |
| 71 | സ്കൂളിലേക്ക് ലാപ് ടോപ്പ്, മൈക്ക് മുതലായവ വാങ്ങൽ - വാങ്ങലുകളിലെ അപാകങ്ങൾ | 1-53 |
| 72 | കന്നുകുട്ടി പരിപാലനം-അധിക വിഹിതം എസ് എൽ ബി പി യിൽ നിന്നും ഈടാക്കേണ്ടതാണ് | 1-54 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സൂപ്പർവിഷൻ ചാർജ്ജ് അധികം നൽകി. | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 25.02.2021, തീരുമാനം 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 112,20,00,418 | 109,14,26,400 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 30/03/2022 ലെ തീരുമാനം 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 58,01,96,691 | 54,10,16,724 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | സ്വീകരിച്ച തിയതി |
|---|---|---|
| 31.07.2022 | 27/07/2022 | 27/07/2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,76,15,587.88 |
| വരവ് | 36,13,61,228.00 |
| ആകെ | 41,89,76,815.88 |
| ചെലവ് | 37,28,03,607.00 |
| നീക്കിയിരിപ്പ് | 4,61,73,208.88 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,82,43,067* | 3,82,43,067 | 3,82,42,272 | 795 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1,61,03,400 | 1,61,03,400 | 1,10,79,617 | 50,23,783 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 5,82,73,000 | 5,82,73,000 | 5,31,29,153 | 51,43,847 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 1,88,73,817 | 1,88,73,817 | 1,40,22,716 | 48,51,101 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 4,41,02,231 | 4,41,02,231 | 2,66,82,533 | 1,74,19,698 |

| | | | | | |
|---|---|---|---|---|---|
| (Tied) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (Un Tied) | 0 | 2,46,25,958 | 2,46,25,958 | 2,12,22,602 | 34,03,356 |

*സ.ഉ.(സാധാ)നം.2617/2022/ഫിൻ തീയതി 31.03.22 പ്രകാരം പൊതുവിഭാഗത്തിൽ അനുവദിക്കപ്പെട്ട 38,08,954/- രൂപ എ.സി.ആർ.ൽ വരവിൽ വന്നിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 262 | 23,05,51,557 | 222 | 17,34,37,695 | 75.22 | 84.73 |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-ഫണ്ട് വിനിയോഗം (കാഷ് ബുക്ക് പ്രകാരം)

| മുന്നിരിപ്പ് | വരവ് | | | ആകെ | ചെലവ് | | | | ആകെ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|---|
| | AUEGS ഫണ്ട് ലഭിച്ചത് | പലിശ | തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് ലഭിച്ചത് | | ഭരണ ചെലവുകൾ | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | മെറ്റീരിയൽ കോസ്റ്റ് | തനത് ഫണ്ടിൽ നിന്നുള്ള അഡ്വാൻസ് തിരികെ നൽകിയത് | | |
| 2,43,644 | 1,50,00,000 | 49,682 | 55,00,000 | 2,07,93,326 | 6,18,576 | 1,61,46,000 | 2,41,038 | 35,00,000 | 2,05,05,614 | 2,87,712 |

(ഖണ്ഡിക 1-10-11 കൂടി കാണുക)

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 4080 | 2 |
| കർഷക തൊഴിലാളി പെൻഷൻ | 32,73,600 | 191 |
| വിധവാ പെൻഷൻ | 3,25,67,600 | 2053 |
| വാർദ്ധക്യകാല പെൻഷൻ | 6,86,98,400 | 4773 |
| വികലാംഗ പെൻഷൻ | 75,32,600 | 493 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 22,07,400 | 147 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.04.2023 തീയതിയിൽ 3.25 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 46224 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ഭാഗം 1, 3 ഭാഗങ്ങളിൽ പരാമർശിച്ചിട്ടുണ്ട്.

## 1-10 വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ ചേർക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം. 30/04.04.23)

### 1-10-1 ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല-വരുമാനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി വരുമാനത്തിന്റെ കൃത്യമായ കളക്ഷൻ ഉറപ്പാക്കുന്നതിനും ഓരോ ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54 എഫ് &ഐ) (കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.59). നിലവിൽ വരവിനങ്ങൾക്ക് ഡിമാന്റ് രജിസ്റ്ററുകൾ മേൽപ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
4. ഡി&ഒ ഡിമാന്റ് രജിസ്റ്റർ
5. വിനോദനികുതി
6. വാടക ഡിമാന്റ് രജിസ്റ്റർ
7. മാർക്കറ്റ് ഫീ
8. ബസ് സ്റ്റാന്റ് ഫീ

ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും സംക്ഷിപ്തം തയ്യാറാക്കാതെയും കണക്കുകളിൽ വരുമാന ഇനങ്ങളുടെ ഡിമാന്റ് തുക എപ്രകാരമാണ് ചേർത്തിരിക്കുന്നതെന്ന് വ്യക്തമല്ല. ആയതിനാൽ വാർഷികകണക്കുകളിലെ വരുമാനങ്ങളുടെ ഡിമാന്റ് തുക, ബാലൻസ്ഷീറ്റിൽ ഈയിനത്തിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-10-2 വസ്തു നികുതി-ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. (മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.13 മുതൽ 6.16വരെ) ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.

1. എന്നാൽ 2021-22 ലെ “110100100-Property Tax (General)" എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് 28/12/21 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു (വൗച്ചർ നം. 42100245). വർഷാരംഭത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. 2021-22 ൽ അസസ്സ് ചെയ്യപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ആയി ചേർത്തിട്ടില്ല. മാത്രമല്ല 31.03.22 ന് ഡിമാന്റിൽ ₹28,23,686 കുറവ് ചെയ്തിരിക്കുന്നു (വൗച്ചർ നം.42100473). ഇതിൽ നിന്നും ഡിമാന്റ് തുക സാങ്കല്പികമാണെന്ന്

കാണാവുന്നതാണ്.

2. ഈ ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല.

3. ഡിമാന്റ് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നിയമപ്രകാരമുള്ള ഡിമാന്റ്, റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.
ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.
മേൽ കാരണങ്ങളാൽ വസ്തുനികുതി ഇനത്തിൽ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ചേർത്ത തുക, ബാലൻസ് ഷീറ്റിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന വസ്തുനികുതി തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-10-3 വാടക-ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം ഡിപ്പാർട്ട്മെന്റ് ഹെഡ് തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത് (മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 10.21 മുതൽ 10.23 വരെ). എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ രണ്ടു തവണ മാത്രമായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് തുക | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130109900-Rent From Other Civic Amenities | 10608760 (1452457) | 06/01/22 31/03/22 | 42100264 42100474 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-4 Prior Period Items-രേഖപ്പെടുത്തലുകൾക്ക് ആധാരമായ രേഖകളില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല (R&P സ്റ്റേറ്റ്മെന്റിൽ ഈ ശീർഷകങ്ങളിലുള്ള വരവ്/ചെലവ് ഒഴികെ).

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100600-Prior Period Income -Profession Tax-Institutions/Professionals/Traders | (215400) |
| 280200204-Prior Period Income -Rent From Lease Of Lands | (7120) |
| 280200401-Prior Period Income -Licence Fees | (23475) |
| 280800100-Prior Period Expenses-Tax Remission & Refund- Profession Tax- Institutions/Professionals /Traders | 3000 |
| 280800700-Prior Period- Miscellaneous Expenses | (1500) |

### 1-10-5 ജേണൽ വൗച്ചർ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് വൗച്ചറുകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ നമ്പർ 24, 25, 26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കുന്നില്ല.

### 1-10-7 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതിയിൽ ആരുടെയെല്ലാം ഡെപ്പോസിറ്റുകളാണ് തിരികെ നല്കേണ്ടതെന്ന് വ്യക്തമാക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

### 1-10-8 മുൻകൂർ രജിസ്റ്റർ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ട അഡ്വാൻസ് ശീർഷകങ്ങളിലെ നീക്കിയിരിപ്പ് തുകയുമായി മുൻകൂർ രജിസ്റ്ററിലെ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല. മുൻകൂർ രജിസ്റ്ററിൽ അഡ്വാൻസുകൾ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. മുൻകൂർ രജിസ്റ്റർ പ്രകാരം 31.03.22 ൽ 18,87,753/- രൂപ അഡ്വാൻസ് നൽകിയ തുകയിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം വിവിധ ശീർഷകങ്ങളിൽ അഡ്വാൻസ് ക്രമീകരിക്കാതെ അവശേഷിക്കുന്നത് 5,42,21,601/- രൂപയാണ്.

### 1-10-9 വായ്പ രജിസ്റ്ററിലെ കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

31/3/2022 ൽ തിരിച്ചടക്കാൻ അവശേഷിക്കുന്നതായി ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5ൽ ചേർത്തിട്ടുള്ള തുക താഴെ ചേർക്കും പ്രകാരമാണ്.

| ശീർഷകം | തുക |
|---|---|
| 330500100-Loans From Banks | 12,10,692 |

| | |
|---|---|
| 330500202-Loan From Hudco | 1,25,60,000 |
| ആകെ | 1,37,70,692 |

എന്നാൽ മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഫോം BR-1 മാതൃകയിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി വായ്പ രജിസ്റ്റർ തയ്യാറാക്കുകയോ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

### 1-10-10 ബാധ്യത ശീർഷകങ്ങളും തത്തുല്യമായ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4 എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17). ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒഴികെ ഏതെല്ലാം ഇനങ്ങളിലാണ് ഗ്രാന്റുകൾ ലഭിച്ചതെന്ന് വ്യക്തമല്ല.
ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് 1,56,47,207/- രൂപയും ബാലൻസ് ഷീറ്റ് ബി-17 പ്രകാരം ആയതിന്റെ ബാങ്ക് അക്കൗണ്ടിലെ (450620100-PFMS HDFC) നീക്കിയിപ്പ് 1,57,62,210/- രൂപയുമാണ്.

### 1-10-11 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - കാഷ് ബുക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്കിൽ വർഷാന്ത്യ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ ബാങ്ക് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

### 1-10-12 സ്റ്റോക്ക് രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 3,82,763 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ മുനിസിപ്പൽ അക്കൗണ്ട്സ് മാന്വലിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുകയോ സ്റ്റോക്കിന്റെ മൂല്യനിർണയം നടത്തുകയോ ചെയ്തിട്ടില്ല (മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 12.21 മുതൽ 12.31 വരെ).

### 1-10-13 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 6,08,957 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-10-14 പ്രൊവിഷൻ കണക്കാക്കിയ വർക്ക് ഷീറ്റുകൾ ലഭ്യമാക്കിയില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം നികുതി നികുതിയേതര ഇനങ്ങളിൽ ലഭിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള 10,63,38,935.5 രൂപയിൽ ലഭ്യത സംശയാസ്പദമായ തുകയായി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-21 പ്രകാരം (17,48,208) രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. കൃത്യമായ ഡിമാന്റ് രജിസ്റ്ററുകളുടെ അഭാവത്തിൽ എപ്രകാരമാണ് തുക കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമല്ല. പ്രൊവിഷൻ തുക കണക്കാക്കിയ വർക്ക് ഷീറ്റുകൾ ലഭ്യമാക്കിയിട്ടില്ല.

### 1-10-15 Directly Debited By Bank-ഇടപാടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് /ക്രെഡിറ്റ് തുകകൾ 31/3/22

വരെയുള്ള റീകൺസീലിയേഷൻ പത്രിക യിൽ " Directly Debited By Bank" എന്ന രീതിയിൽ കുറവ് ചെയ്ത് ബാങ്ക് ബുക്ക് പാസ്സ്ബുക്ക് നീക്കിയിരിപ്പുകൾ ക്രമീകരിച്ചിരിക്കുന്നു. " Directly Debited By Bank" തുകകൾ നഗരസഭയുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. നഗരസഭയുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ബാങ്ക് | Directly Debited By Bank |
|---|---|
| HDFC POS Machine | 3,321.42 |
| Bank Of Baroda (AUEGS) | 36,022.01 |
| SBT Own Fund | 34,43,311.56 |
| SBT Current Account | 16,75,982.8 |

## 1-10-16 Directly Credited By Bank-ഇടപാടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്ക് ൽ വന്ന ക്രെഡിറ്റ് തുകകൾ 31/3/22 വരെയുള്ള റീകൺസീലിയേഷൻ പത്രിക യിൽ "Directly Credited By Bank" എന്ന രീതിയിൽ കൂട്ടി ബാങ്ക് ബുക്ക്-പാസ്സ്ബുക്ക് നീക്കിയിരിപ്പുകൾ ക്രമീകരിക്കുകയാണ് ചെയ്തിരിക്കുന്നത്.

"Directly Credited By Bank" ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ നഗരസഭക്ക് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | Directly Credited By Bank |
|---|---|
| HDFC POS Machine | 380.96 |
| Bank Of Baroda (AUEGS) | 29,296.64 |
| SBT Own Fund | 48,11,547.19 |
| SBT Current Account | 15,30,017.22 |

## 1-10-17 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007 (ചട്ടം 45)) ആയത് ക്രമീകരിക്കേണ്ടതാണ്.

| ബാങ്ക് | ഇഷ്യൂ ചെയ്ത കാലാവധി കഴിഞ്ഞ ചെക്കുകൾ |
|---|---|
| SBT Own Fund | 37,13,628 രൂപയിൽ 12/4/17 മുതൽ 07/12/2021 വരെയുള്ള ചെക്കുകൾ |
| SBT Current Account | 8,08,646 |

### 1-10-18 നിക്ഷേപിച്ച് ദീർഘകാലമായിട്ടും ചെക്കുകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയില്ല

നഗരസഭ ലഭിച്ച തുകകൾ ബാങ്കിൽ നിക്ഷേപിച്ചിട്ടും നാളിതു വരെ ബാങ്കിൽ ക്രെഡിറ്റ് വരാത്ത തുകകൾ "Cheque Deposited But Not Collected" എന്ന രീതിയിൽ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ നിക്ഷേപിച്ചിട്ട് മാസങ്ങളായിട്ടും നാളിതുവരെ ക്രെഡിറ്റ് വരാത്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു. തുക നഗരസഭയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | നിക്ഷേപിച്ച ചെക്കുകൾ കാലഹരണപ്പെട്ടത് |
|---|---|
| SBT Own Fund | 51,67,092 |
| SBT Current Account | 6,54,139 |
| TDC Evening Branch | 561<br>(01.03.2020) |

### 1-11 രസീത്-കളക്ഷൻ തുകകൾ മാസങ്ങൾക്കു ശേഷം അടവാക്കുന്നു

നഗരസഭയുടെ രസീത് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ആംബുലൻസ് സേവനങ്ങൾക്ക് 779, 831 എന്നീ രസീത് ബുക്കുകൾ അനുവദിച്ചിട്ടുള്ളതാണ്. 2007-ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ലഭിച്ച എല്ലാ തുകകളും തൊട്ടടുത്ത പ്രവൃത്തി ദിനം തന്നെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ മേൽ രസീതു ബുക്കുകളും ആയതിന്റെ കളക്ഷൻ രജിസ്റ്ററുകളും പരിശോധിച്ചതിൽ ഒന്നോ രണ്ടോ മാസത്തിലൊരിക്കൽ മാത്രമാണ് കളക്ഷൻ തുകകൾ നഗരസഭയിൽ അടവാക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കളക്ഷൻ തീയതി | | തുക | അടവാക്കിയ തീയതി | രസീത് നമ്പർ |
|---|---|---|---|---|
| From | To | | | |
| 26.11.22 | 17.12.22 | 6100 | 31.01.2023 | 122010111840 |
| 18.12.22 | 24.02.23 | 8800 | 25.02.2023 | 122010114688 |

ദിവസേനയുള്ള കളക്ഷൻ തുകകൾ അന്നേ ദിവസമോ തൊട്ടടുത്ത പ്രവൃത്തിദിവസമോ തന്നെ അടവാക്കേണ്ടതും രസീത് പരിപാലനവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

### 1-12 ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്-വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല

കേരള മുനിസിപ്പാലിറ്റി (ദിരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ദിരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിന് മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ നാഷണലൈസ്ഡ് ബാങ്കിലോ കോ ഓപ്പറേറ്റീവ് ബാങ്കിലോ അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധാരാളം തുക സംഭാവനയായി ലഭിക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ ബന്ധപ്പെട്ട മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് ആരംഭിച്ച്, ഈ ആവശ്യത്തിനു മാത്രമായി തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ട്, 29.04.2021 ലെ സ.ഉ(സാധാ) 929/2021/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതനുസരിച്ച്, സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ ചാലക്കുടി ബ്രാഞ്ചിൽ 57069043997 എന്ന അക്കൗണ്ട് നിലവിലുള്ളതാണ്. 31.03.2022 ൽ 1,86,680/- രൂപ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരുപ്പുള്ളതുമാണ്. എന്നാൽ പ്രസ്തുത അക്കൗണ്ട് നഗരസഭയുടെ 2021-22 സാമ്പത്തികവർഷത്തെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങൾ, ചട്ടം 13(5) പ്രകാരം എല്ലാ ഫണ്ടുകളും ഉൾപ്പെടുത്തിക്കൊണ്ടുവേണം കൺസോളിഡേറ്റ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടത് എന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

### 1-13 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും

## മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകതകൾ

സ.ഉ(അ)നം.62/2020/ത.സ്വ.ഭ.വ തീയതി 30.10.20 പ്രകാരം കേരള മുനിസിപ്പാലിറ്റി(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പ്രകാരം വിവിധ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ മറ്റു സേവനങ്ങൾ എന്നിവയെ ഉൽപാദന മേഖല, സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ,അപേക്ഷകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഭേദഗതി ചട്ടപ്രകാരമുള്ള മാതൃകയിലല്ല അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭയിലെ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ മറ്റു സേവനങ്ങൾ എന്നിവയെ ഉൽപാദന മേഖല, സേവന മേഖല എന്നിങ്ങനെ തിരിച്ച് ഈടാക്കേണ്ട ലൈസൻസ് ഫീസ് നിരക്ക് എത്രയാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

2) നഗരസഭയിലെ വ്യാപാര, വ്യവസായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3) 2021-22 വർഷത്തെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ തന്നെ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്താത്തതും സെക്രട്ടറിയുടെ ഒപ്പ് രേഖപ്പെടുത്താത്തതുമായ അനേകം അപേക്ഷകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉദാഹരണമായി വാർഡ് 21 ലെ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷകളിൽ മേൽ പറഞ്ഞ പ്രകാരം രേഖപ്പെടുത്തലുകളില്ല. രജിസ്റ്റർ പരിശോധിച്ചതിൽ അവയിൽ നിന്നെല്ലാം ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതായും കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനം | ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | 21/1295A | ക്യൂൻ മേരി മെഷീൻ ഹൗസ് | 750 |
| 2 | 2021-22121/1255, 1256 | മോഡി ലൈവ് ബേക്ക്സ്& ഗ്രിൽ | 2500 |
| 3 | 21/1214 | ഏയ്ഞ്ചൽ ഫുട്ട്‌വെയർ & ബാഗ്സ് | 1500 |
| 4 | 21/966 | ഡാസ്സ്ൽ കളക്ഷൻസ് | 1500 |
| 5 | 21/470A | മത്സ്യഫെഡ് ഫിഷ് സ്റ്റാൾ | 1000 |

4) വാർഡ് 21 ലെ 21-22,22-23 എന്നീ വർഷങ്ങളിലെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചു പ്രകാരം2021-22 സാമ്പത്തിക വർഷത്തിൽ ഈടാക്കിയ ലൈസൻസ് ഫീസിനേക്കാൾ വളരെ കുറഞ്ഞ ലൈസൻസ് ഫീസ് ചില സ്ഥാപനങ്ങളിൽ നിന്നും 2022-23 വർഷത്തേക്ക് അഡ്വാൻസായി ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | 21-22 വർഷത്തെ ഫീസ് | 22-23 വർഷത്തെ ഫീസ് |
|---|---|---|---|---|
| 1 | 1420,1420A | സൂര്യ സൂപ്പർ ബസാർ | 10000 | 1000 |
| 2 | 403,404 | ആഷാ ഗ്യാസ് ഏജൻസീസ് | 5000 | 1000 |
| 3 | 334,335 | ഫ്രണ്ട്സ് ജ്വല്ലേഴ്സ്&വർക്ക്സ് | 2000 | 1000 |

| | | | | |
|---|---|---|---|---|
| 4 | 20,21,22,23 | BOS നാച്ചറൽ ഫ്ലേവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 2500 | 500 |
| 5 | 1505 മുതൽ1514 | കിടങ്ങൻസ് മോഡേൺ ഫർണ്ണിച്ചർ | 2000 | 500 |
| 6 | 1515 മുതൽ 1523 വരെ | കിടങ്ങൻസ് മോഡേൺ ഫർണ്ണിച്ചർ | 2000 | 500 |
| 7 | 125 | മലയാളം അഗ്രികൾച്ചറൽ സൊസൈറ്റി | 2000 | 1000 |
| 8 | 436B | കൈനോഫാം ലിമിറ്റഡ് | 2500 | 1000 |
| 9 | 716 | ഉറുമി ലേഡീസ് വെയർ | 1500 | 500 |
| 10 | 1214 | ഏയ്ഞ്ചൽ ഫുട്ട്‌വെയർ &ബാഗ്സ് | 1500 | 500 |
| 11 | 839 | മിത്ര ജ്വല്ലറി | 1500 | 1000 |

ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കുറവ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ഓഡിറ്റിന് കൗൺസിൽ തീരുമാനം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

5) 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് എസ്.ആർ.ഒ നമ്പർ 857/2020 തിയതി 30.10.2020 വിജ്ഞാപനം പ്രകാരം പ്രസിദ്ധപ്പെടുത്തിയ ഭേദഗതി ചട്ടങ്ങൾ പ്രകാരം, പട്ടിക 2 ക്രമനമ്പർ 238, 387 എന്നിവ പ്രകാരം യഥാക്രമം റേഷൻഡിപ്പോ, മാവേലിസ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്കും, കള്ള് ഷാപ്പിനും ലൈസൻസ് എടുക്കേണ്ടതാണ്. പട്ടിക 2 ക്രമ നമ്പർ 96 ൽ ഉൾപ്പെട്ട കല്ല്യാണ മണ്ഡപങ്ങൾ,ഓഡിറ്റോറിയം എന്നിവയുടെ പ്രവർത്തനത്തിന് നഗരസഭ നൽകുന്ന ലൈസൻസ് ആവശ്യമാണ്. നഗരസഭ പരിധിയിൽ മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ എണ്ണവും അവയ്ക്ക് ലൈസൻസ് നൽകിയതിന്റെ രേഖകളും ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.
നഗരസഭ പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് എസ്.ആർ.ഒ നമ്പർ 857/2020 തിയതി 30.10.2020 വിജ്ഞാപനം പ്രകാരം പ്രസിദ്ധപ്പെടുത്തിയ ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങൾക്ക് ബാധകമായ ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-14 വിനോദ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

റസീറ്റ് ആന്റ് പെയ്മെന്റ് അക്കൗണ്ട് പ്രകാരം വിനോദ നികുതിയിനത്തിൽ തൻവർഷം 3,05,344 രൂപ വരവുണ്ട്. വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ, ഫയൽ എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 4/30.03.23) നൽകിയെങ്കിലും ഹാജരാക്കിയില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-15 പൂർത്തിയാക്കിയ കെട്ടിടഭാഗങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

10 -ആം വാർഡിലെ കിഴക്കേ ചാലക്കുടി വില്ലേജിൽ, 233-2, 233-3, 233-4, 233-6 എന്നീ സർവ്വെ നമ്പറുകളിൽ ബേസ്മെന്റ് നിലയുൾപ്പടെ മൂന്ന നിലകളിലായി, 3644.44 ച.മീ വിസ്തീർണ്ണത്തിൽ ഒരു വാണിജ്യക്കെട്ടിടം നിർമ്മിക്കുന്നതിന്, 21.01.2015 ലെ E2/TBA(1788)/2015 നമ്പർ പെർമിറ്റ്, ടെസ്സ വേഴപ്പറമ്പിൽ പൗലോസ്, മാനേജിംഗ് ഡയറക്ടർ, എൽ റോയ് ബിൽഡേഴ്സ് ആൻഡ് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന വ്യക്തിക്ക് അനുവദിച്ചിരുന്നു.

28.01.2020 തീയതിയിൽ, 828.32 ച.മീ വിസ്തീർണ്ണത്തിൽ, കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണം പൂർത്തിയായതിനാൽ ടി കെട്ടിടഭാഗത്തിന് ഒക്യുപ്പൻസിക്കായി അപേക്ഷിക്കുകയും 04.02.2020 ലെ E2/TBA(1788)/2015 നമ്പർ ഒക്യുപ്പൻസി പ്രകാരം, 10/484 K1 മുതൽ 10/484 K14 വരെയുള്ള നമ്പറുകൾ നൽകി,

ച.മീറ്ററിന് 90 രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച്, 2019-20 രണ്ടാം അർദ്ധവർഷം മുതൽ നികുതി ഈടാക്കി വരുന്നതായി ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ ബേസ്മെന്റ് പൂർത്തിയാകാതെ ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണം സാധ്യമാകില്ലെന്നിരിക്കെ ഇത്തരത്തിൽ ഗ്രൗണ്ട് ഫ്ലോറിന്റെ 828.32 ച.മീ കെട്ടിടഭാഗത്തിനുമാത്രം നികുതി നിർണ്ണയിച്ചതിലെ വൈരുദ്ധ്യത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പിന്നീട് 14/484 K11, 14/484 K13 നമ്പറുകളുള്ള കെട്ടിട മുറികൾ വിഭജിച്ച് വ്യത്യസ്ത നമ്പറുകൾ നൽകുന്നതിന് അപേക്ഷിച്ചപ്പോൾ, ച.മീറ്ററിന് 90 രൂപ നിരക്കിൽ വസ്തു നികുതി തെറ്റായി അസ്സസ്സ്മെന്റ് നടത്തിയതിനാൽ നേരത്തെ ഒക്യൂപ്പൻസി നൽകിയ കെട്ടിടത്തെ 200 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നീ കാറ്റഗറിയിൽ ഉൾപ്പെടുത്തി, ച.മീറ്ററിന് 140 രൂപ നിരക്കിൽ വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടുള്ളതുമാണ്.

കെട്ടിടത്തിന്റെ നിർമ്മാണം, താഴെ കൊടുത്തിരിക്കും പ്രകാരം, 21.01.2021 തീയതിയിൽ ഭാഗികമായി പൂർത്തിയായതായും ആയതിന് ഒക്യൂപ്പൻസി നൽകുന്നതിനും അപേക്ഷിച്ചിട്ടുള്ളതാണ്.

Basement Floor – 1165.43 ച.മീ

Ground Floor – 723.82 ച.മീ

തുടർന്ന് 09.02.2021 ലെ E2/TBA(1788)/2015 നമ്പർ ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് പ്രകാരം, പൂർത്തീകരിച്ച ഗ്രൗണ്ട് ഫ്ലോറിലെ 723.82 ച.മീ വിസ്തീർണ്ണമുള്ള ഭാഗത്തിന് 10/484 K15 മുതൽ 10/484 37 വരെയുള്ള നമ്പറുകൾ നൽകി, 2020-21 രണ്ടാം അർദ്ധവാർഷികം മുതൽ ച.മീറ്ററിന് 140 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് അസ്സസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷക സമർപ്പിച്ച പ്ലാനിൽ ബേസ്മെന്റ് നിലയുടെ 1165.43 ച.മീ ഭാഗം പൂർത്തിയായതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബേസ്മെന്റ് നിലയുടെ വസ്തുനികുതി നിർണ്ണയിച്ച് നികുതി ഈടാക്കിയിട്ടില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോടു കൂട്ടിച്ചേർത്ത് വസ്തു നികുതി നിർണ്ണയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ പൂർത്തിയാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ള ബേസ്മെന്റ് ഭാഗത്തിന് നികുതി നിർണ്ണയിക്കാത്തതിനാൽ താഴെ കൊടുത്തിരുക്കും പ്രകാരം മുനിസിപ്പാലിറ്റിക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

| കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | വസ്തു നികുതി നിരക്ക് | അടിസ്ഥാന വസ്തു നികുതി | ചട്ടം 6 പ്രകാരമുള്ള ഇളവ് (മേഖല-10%) | ചട്ടം 6 പ്രകാരമുള്ള വർദ്ധനവ് (വഴി- 20%, തറയുടെ തരം-15%) ആകെ 35% | ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷമുള്ള നികുതി | ലൈബ്രറി സെസ്സ് (5%) | ആകെ വാർഷിക നികുതി | 2020-21 രണ്ടാം അർദ്ധവാർഷികം മുതൽ 2021-22 വരെയുള്ള നികുതി നഷ്ടം |
|---|---|---|---|---|---|---|---|---|
| 1165.43 | 140 | 163160 | 16316 | 57106 | 203950 | 10198 | 214148 | 321222 |

പൂർത്തിയാക്കിയ കെട്ടിട ഭാഗത്തിന് നികുതി നിർണ്ണയിക്കാത്തതിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (49/05.04.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടത്തിന്റെ പൂർത്തിയാക്കിയ ബേസ്മെന്റ് ഭാഗത്തിന്റെ നികുതി അസ്സസ്സ്മെന്റ് നടത്തി, നാളിതുവരെയുള്ള നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ലാത്തതിനാൽ വസ്തു നികുതിയുടെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ കണക്കാക്കിയന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

നഗരസഭയിൽ 01.04.2013 മുതൽ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കിയെങ്കിലും സഞ്ചയയിലെ ഡാറ്റാ എൻട്രി നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന

ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങൾ) ചട്ടം 13 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കുന്നില്ല. മാനവലായി തയ്യാറാക്കിയ നികുതി നിർണ്ണയ രജിസ്റ്റർ മാത്രമേ നഗരസഭയിൽ സൂക്ഷിച്ച വരുന്നുള്ളൂ. ഓരോ വർഷത്തെയും ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ കണക്കാക്കുന്നതിന്, നികുതി പിരിവിനായി ഉപയോഗിക്കുന്ന ഹാൻഡ് ബുക്കുകളെയാണ് ആശ്രയിക്കുന്നത്. ആയതിനാൽ ഓരോ വർഷത്തേയും ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ കണക്കാക്കുന്നത് കൃത്യമാണോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം നിലവിലില്ല. നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗമായ വസ്തുനികുതി പിരിവിലെ കൃത്യതയില്ലായ്മയും ഓൺലൈൻ സംവിധാനത്തിന്റെ അഭാവവും വൻതോതിലുള്ള നികുതിച്ചോർച്ചക്ക് കാരണമാകുന്നതാണ്. പ്രസ്തുത വിഷയം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും സഞ്ചയ മുഖേനയുള്ള നികുതി പിരിവ് കാര്യക്ഷമമാക്കുവാൻ സാധിച്ചിട്ടില്ല. സഞ്ചയയിലെ ഡാറ്റാ എൻട്രി അടിയന്തിരമായി പൂർത്തിയാക്കേണ്ടതും നഗരസഭയുടെ തനതുഫണ്ടിൽ വസ്തു നികുതി മൂലമുള്ള നികുതിച്ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

## 1-17 അനധികൃത നിർമ്മാണം- കെട്ടിടം ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

5 –ആം വാർഡിൽ അലവി സെന്റർ ഭാഗത്ത്, 5/192 കെട്ടിടത്തിൽ ഫൈവ് സ്റ്റാർ അലു സ്റ്റീൽ എന്ന കമ്പനി വ്യാപാര സംരഭക ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളതാണ്. കെട്ടിടത്തിന് നഗരസഭ രേഖകളിൽ 278 ച.മീ വിസ്തീർണ്ണം മാത്രമാണുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് 653.58 ച.മീ തറ വിസ്തീർണ്ണമുണ്ടെന്നും ടി കെട്ടിടത്തിന് സമീപം 143.41 ച.മീ വിസ്തീർണ്ണമുള്ള മറ്റൊരു കെട്ടിടം കൂടെ സ്ഥിതി ചെയ്യുന്നുണ്ടെന്ന് അസി. എഞ്ചിനീയർ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ, 14.07.2021 ലെ 1(2) ആം കൗൺസിൽ തീരുമാന പ്രകാരം, ടി വിഷയം പരിശോധനക്കും, നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. സ്ഥലപരിശോധന നടത്തി കണ്ടെത്തിയ അനധികൃതനിർമ്മാണത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

Plinth Area As Per Assessment Register - 278 Sq.mtr

As Per Actual Measurement

Main Factory Building Plinth Area - 653.58 Sq.mtr

Plinth Area Of Accessory Building - 143.41 Sq.mtr

Total Area - 796.99 Sq.mtr

Difference In Area - 518.99 Sq.mtr

ചെല്ലക്കടം രാജു വർഗ്ഗീസ്, ജോണി, കൊടിയൻ ദേവസ്സി എന്നിവരുടെ ഉടമസ്ഥതയിലുള്ള ടി കെട്ടിടത്തെ, വ്യാവസായികാവശ്യത്തിനുള്ള വിഭാഗത്തിലുൾപ്പെടുത്തി ച.മീറ്ററിന് 25 രൂപ നിരക്കിൽ ആകെ 3496 രൂപ മാത്രമാണ് നികുതി ഈടാക്കുന്നത്. മേൽ വിഷയത്തിലെ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/03.04.2023), അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് ഉടമയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ടി സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് WP(C) 13718/21 പ്രകാരം കേസ് നിലവിലുണ്ടെന്നും കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് പ്രകാരം രാസവസ്തുക്കൾ ഉപയോഗിക്കുന്നതായ വ്യവസായങ്ങളുടെ കാറ്റഗറിയിൽ ഉൾപ്പെട്ട ടി സ്ഥാപനത്തിന് നിലവിൽ ലൈസൻസ് അനുവദിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അനധികൃമായി നിർമ്മിച്ച 518.99 ച.മീ കെട്ടിടം നിലവിലെ കെട്ടിടനിർമ്മാണചട്ടങ്ങൾ പ്രകാരം ക്രമവൽക്കരിക്കുന്നതിനും ഇതരവ്യവസായാവശ്യത്തിനുള്ള കെട്ടിടവിഭാഗത്തിലുൾപ്പെടുത്തി ച.മീറ്ററിന് 70 രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടിവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 റോഡ് പുറമ്പോക്ക് കൈയ്യേറ്റം- തുടർനടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്

ചാലക്കുടി നഗരസഭ, കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വേ നമ്പർ 478/2, 492/4 എന്നിവയിൽ ഉൾപ്പെട്ട റോഡ് പുറമ്പോക്ക് കൈയ്യേറ്റം ചെയ്തതുമായി ബന്ധപ്പെട്ട്, താലൂക്ക് സർവ്വെയറുടെ എൻക്രോച്ച്മെന്റ് സ്കെച്ച് പ്രകാരം പുറമ്പോക്ക് കൈയ്യേറ്റം നടത്തിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സർവ്വെ നമ്പർ | പേര് |
|---|---|---|
| 1 | 478/2 | വിജയലക്ഷ്മി, അശ്വതി നിവാസ്, സൗത്ത് ചാലക്കുടി |
| 2 | 492/4 | പി.സി തോമസ് എൻട്രൻസ് കോച്ചിങ്ങ് സെന്റർ, സൗത്ത് ചാലക്കുടി |
| 3 | 492/4 | സുരേഷ്, S/o ആദിബാലൻ,റായ്യോത്ത്, സൗത്ത് ചാലക്കുടി |
| 4 | 492/4 | സി. വി വർഗ്ഗീസ്, ചെങ്ങിണിമറ്റം, സൗത്ത് ചാലക്കുടി |

പ്രസ്തുത എൻക്രോച്ച്മെന്റ് സ്കെച്ച് പ്രകാരം റോഡ് പുറമ്പോക്ക് തിരിച്ചുപിടിക്കുന്നതിന് 08.06.2021 ലെ 22- ആം നമ്പർ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. മേൽ വിഷയത്തിലെ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/03.04.2023), റോഡ് പുറമ്പോക്ക് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വരവെ, ശ്രീ സി.വി. വർഗ്ഗീസ്, ബഹു. ഹൈക്കോടതി മുൻപാകെ WP(C)29398/2021 കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരന്റെ അപേക്ഷ തീർപ്പാക്കുന്നതിന് ബഹു. ജില്ലാ കളക്ടർക്ക് അധികാരം നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ വിഷയത്തിലെ തുടർനടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ഇൻഡോർ സ്റ്റേഡിയം- കെട്ടിടം ക്രമവൽക്കരിക്കുന്നതിനും കായികതാരങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 28.06.2017 ലെ SYA002-18-PA-01 നമ്പർ ഉത്തരവ് പ്രകാരം, 9.58 കോടി നിർമ്മാണച്ചെലവിൽ ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപായി 05.12.2017 ലെ G.O(Rt) 245/2017/S&YA നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, MoU (Memorandum Of Undertaking) ഒപ്പു വെക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, 01.10.2018 ലെ 13 ാം നമ്പർ നഗരസഭാ കൗൺസിൽ തീരുമാനം പ്രകാരം ചാലക്കുടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കിഴക്കേ ചാലക്കുടി വില്ലേജിലെ സർവ്വെ നമ്പർ 287/1, 288/2, 288/3, 289/3 എന്നിവയിൽ ഉൾപ്പെട്ട 3.01 ഏക്കർ ഭൂമിയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി സ്പോർട്സ് &യൂത്ത് അഫയേഴ്സ് ഡിപ്പാർട്ട്മെന്റുമായി MoU ഒപ്പു വെക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളതും 25.10.2018 ലെ ഇ1-14697/18 നമ്പർ കത്ത് പ്രകാരം ആയത് ഡിപ്പാർട്ട്മെന്റ് ഓഫ് സ്പോർട്സ് &യൂത്ത് അഫയേഴ്സ് സ്പോർട്സ് എഞ്ചിനീയറിംഗ് വിങ്ങ് ഡയറക്ടർക്ക് അയച്ചു നൽകിയിട്ടുമുള്ളതാണ്. കിഫ്ബി പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി KITCO യെ സർക്കാർ നിയോഗിച്ചിട്ടുള്ളതും മേൽപദ്ധതി നിർവ്വഹിക്കുന്നതിന് KITCO, ടെണ്ടർ മുഖേന സിറ്റ്കോ അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

ബിൽഡിങ്ങ് പ്ലാൻ അപ്രൂവലിനായി 12.11.2018 ൽ KITCO നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. 28.02.2019 ലെ അപേക്ഷ നം. ഇ3/4198/19 പ്രകാരം നഗരസഭ സെക്രട്ടറി സ്റ്റേഡിയം നിർമ്മാണ പെർമിറ്റിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നിർമ്മാണ സ്ഥലം റവന്യൂരേഖകൾ പ്രകാരം തണ്ണീർത്തടനിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ ഭൂമിയുടെ തരം മാറ്റുന്നതിനായി സർക്കാരിലേക്ക് കത്തയച്ചിട്ടുണ്ടെങ്കിലും ആയതു ലഭ്യമായതായോ പെർമിറ്റ് നൽകിയതോ ആയ രേഖകൾ ഫയലിൽ ലഭ്യമല്ല.

സ്റ്റേഡിയം നിർമ്മാണം 30.09.2020 ന് പൂർത്തീകരിച്ചതായും സ്റ്റേഡിയത്തിന്റെ ഉദ്ഘാടനം 05.11.2020 ന്

നടന്നതായും 23.12.2020 ലെ KIT/DP888/CMS/67/2018 നമ്പർ കത്ത് പ്രകാരം KITCO അറിയിച്ചിട്ടുണ്ട്. നഗരസഭ ഒപ്പുവെച്ച MoU പ്രകാരമുള്ള ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി, സ്റ്റേഡിയം നടത്തിപ്പിനായി, നഗരസഭാചെയർമാന്റെ നേതൃത്വത്തിൽ സർക്കാർ അംഗീകൃത സ്പോർട്സ് &യൂത്ത് അഫയർസ് ഡയറക്ടറുടെ 24.12.2020 ലെ AE4-4812/20/DSYA നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ളതാണ്.

ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ പണികൾ പൂർണ്ണമായും തീർത്ത് 'Completion Drawings And Documents' സമർപ്പിച്ചിട്ടുള്ളതിനാൽ സ്റ്റേഡിയം ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് KITCO 2021 മാർച്ച് 18 ന് കത്തയച്ചിട്ടുള്ളതാണ്. നഗരസഭയുടെ 03.09.2021 ലെ 3- ആം നമ്പർ തീരുമാനം പ്രകാരം സ്റ്റേഡിയം ഏറ്റെടുക്കുന്നതിനും സ്റ്റേഡിയത്തിലെ വുഡൻ ഫ്ലോറിംഗ്, സീലിംഗ് അടക്കമുള്ള പ്രവൃത്തികൾ നടത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. സ്റ്റേഡിയം പൂർത്തീകരിച്ച് ഉത്ഘാടനം നടത്തി KITCO സ്റ്റേഡിയം കൈമാറിയിട്ടുണ്ടെങ്കിലും ഇനിയും വർക്കുകൾ ബാക്കിയുള്ളതായി ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ പ്രസ്താവിച്ച MoU ക്ലോസ്സ് 13 പ്രകാരം, സ്റ്റേഡിയത്തിൽ നിന്നുള്ള വരുമാനം ഉപയോഗിച്ചുതന്നെ സ്റ്റേഡിയത്തിന്റെ പ്രവർത്തനങ്ങളും മെയിന്റനൻസും നടത്തേണ്ടതാണെന്നും ടി ആവശ്യങ്ങളിലേക്കായി സർക്കാർ ഫണ്ടിനെ ആശ്രയിക്കരുതെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. സ്റ്റേഡിയം കായികതാരങ്ങൾക്കായി തുറന്നുകൊടുക്കുകയോ സ്റ്റേഡിയത്തിൽ നിന്നും വരുമാനം ലഭ്യമാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനും സ്റ്റേഡിയം നിലവിൽ പ്രവർത്തനരഹിതമെങ്കിൽ ആയതിന്റെ വിശദീകരണം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (48/05.04.2023) മറുപടി ലഭ്യമാക്കിയില്ല. കോടികൾ ചെലവഴിച്ച് നിർമ്മിച്ച സ്റ്റേഡിയത്തിന്റെ ഉത്ഘാടനം 2020 നവംബറിൽ നടത്തിയിട്ടും നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. സ്റ്റേഡിയത്തിന്റെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും സ്റ്റേഡിയം കായികതാരങ്ങൾക്കായി തുറന്നുകൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 തൊഴിൽ നികുതി അടവാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 21-22-ലെ തൊഴിൽ നികുതി അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി അടവാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ഓറോ ക്ളീൻ കംപ്ലറ്റസ് ക്ലീനിങ്ങ് | I & II |
| 3 | എം.ആർ ഫർണിച്ചർ | I |
| 4 | മോസ്കോ ഷാപ്പ് | I |
| 5 | വെൽനെസ്സ് ഡയറ്റ്(സെന്റ് ജെയിംസ്) | I & II |
| 6 | ലക്ഷ്മി വിലാസ് ബാങ്ക് | I & II |
| 7 | ധനലക്ഷ്മി ബാങ്ക് | I |
| 8 | ഊക്കൻസ് കർട്ടൻസ് & ഫർണിഷിങ്ങ്സ് | I |
| 9 | കിങ്ങ്സ് ഫർണിച്ചർ കമ്പനി | I |
| 10 | ഫാഷൻ പെയിന്റ്സ് | II |
| 11 | പ്രൊപ്രൈറ്റർ, പീസി ഹാർഡ് വെയർ | |
| 12 | മാനേജർ,സൗത്ത് മലബാർ | I & II |

| | | |
|---|---|---|
| | ഗ്രാമീൺ ബാങ്ക് | |
| 13 | മാനേജർ, മലപ്പുറം ചിറ്റ് ഫണ്ട് | I |
| 14 | നാഥ് മെഡിക്കൽ സ്റ്റോർ, | I & II |
| 15 | അഗ്രോ ഇൻഡസ് ഫിനാൻസ് & ലേണിങ്ങ് ഇന്ത്യ ലിമിറ്റഡ് | I & II |
| 16 | ഗോപാലകൃഷ്ണ ഓഡിറ്റോറിയം | I & II |
| 17 | സിറ്റി ഹോട്ടൽ | I & II |
| 18 | സുന്ദരം ഹോം ഫിനാൻസ് ലിമിറ്റഡ് | I & II |
| 19 | ട്രസ്റ്റ് ഡെന്റൽ സ്റ്റുഡിയോ | I & II |
| 20 | ഹാൻവീവ് കെ.എസ്.എച്ച്.ഡി.സി. | I |
| 21 | മൂലൻസ് സൂപ്പർമാർക്കറ്റ് | II |
| 22 | എച്ച്.ഡി.എഫ്.സി. സെക്യൂരിറ്റീസ് ലിമിറ്റഡ് | I & II |
| 23 | ഇലക്ട്രിക്കൽ സബ് ഡിവിഷൻ | I |
| 24 | മാനേജർ, സിൻഡിക്കേറ്റ് ബാങ്ക് | I & II |
| 25 | മാനേജർ, ആനമല കുറീസ് & ലോൺസ് | I & II |
| 26 | ഓതറൈസ്ഡ് സിഗ്നേറ്ററി മഹീന്ദ്ര & മഹീന്ദ്ര ഫിനാൻഷ്യൽ സർവ്വീസ് | I & II |
| 27 | മാനേജർ, സണ്ണി സിൽക്ക്സ് | I |
| 28 | പുല്ലൻസ് ക്ലിനിക് | I & II |
| 29 | മാനേജർ, സേവന മെഡിക്കൽസ്, ടി.കെ.വി.ടവർ, കോൺവെന്റ് റോഡ് | I & II |
| 30 | മാനേജർ, വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 31 | രംഗീല മെയിൻ റോഡ് | I & II |
| 32 | വി.എക്സ്. അസോസിയേറ്റ്സ്, സ്വർണം ആർകെയ്ഡ് | I & II |
| 33 | പിങ്ക് ബ്രൈഡൽ മേക്ക് അപ് സ്റ്റുഡിയോ (ആനമല ജംങ്ഷൻ) | I & II |
| 34 | റെഡ് ചില്ലീസ് ബേക്കേർസ് & റെസ്റ്റോറന്റ് | I & II |
| 35 | സ്വർണം ഇന്ത്യൻ സർവീസസ്, ആനമല ജംങ്ഷൻ ചാലക്കുടി | I & II |
| 36 | ഫ്ലെമി ഏജൻസീസ് (മാർക്കറ്റ് റോഡ്) | I & II |

| | | |
|---|---|---|
| 37 | എംഎസ്ഇ.വൈ.ആർ നിധി ലിമിറ്റഡ്, ചാലക്കുടി | I & II |
| 38 | മാനേജർ, ജിടെക് കംപ്യൂട്ടർ എജ്യൂക്കേഷൻ (അന്നാറാണി ഷോപ്പിങ്ങ് കോംപ്ളക്സ്, ആർ.എസ്.റോഡ്, ചാലക്കുടി | I & II |
| 39 | പ്രൊപ്രൈറ്റർ, ഡിഗ്ജാം ടൈലറിങ്ങ് | I & II |
| 40 | മാനേജർ, ഏയ്ഞ്ജൽ ബ്രോക്കിങ്ങ് | I & II |
| 41 | ചാലക്കുടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I |
| 42 | മാനേജർ, ടിച്ചൂർ ഓട്ടോമൊബൈൽസ് | I & II |
| 43 | ഇ.എസ്.ഐ. കോർപ്പറേഷൻ ബ്രാഞ്ച് ഓഫീസ് | I |

തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.41/05.04.2023)

1-21 ലേലം- ഡെപ്പോസിറ്റ് ഹെഡിൽ നിന്നും തുക വരവ് ഹെഡിലേക്ക് മാറ്റേണ്ടതാണ്.

I ചാലക്കുടി നഗരസഭ വക സസ്യചന്ത,മത്സ്യമാർക്കറ്റ്,കന്നുകാലി ചന്ത,ബസ് സ്റ്റാന്റ്,കംഫർട്ട് സ്റ്റേഷനുകൾ, അറവുശാല എന്നിവിടങ്ങളിൽ നിന്നും 1/4/21/ മുതൽ 31/3/22 വരെയുള്ള ഫീസ് പിരിക്കുന്നതിനുള്ള അവകാശം ടെണ്ടർ/പരസ്യ ലേലം/ ഓഫർ പ്രകാരം നൽകിയിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

A) മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ, മത്സ്യചന്ത, ബസ്സ്റ്റാന്റ് ഫീസ് പിരിവ് യഥാക്രമം ലേലം കൊണ്ട ശ്രീ ഷബീർ അഹമ്മദ്, ശ്രീ ആൽവിൻ മാത്യു, ശ്രീ ലിജൻ പഞ്ഞിക്കാരൻ എന്നിവർ നഗരസഭയുമായി ലേല ഉടമ്പടി തയ്യാറാക്കി ഹാജരാക്കിയിട്ടില്ല

B) കുത്തക ലേലം കൊണ്ടവർ നഗരസഭയിൽ ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ലേലം ഇനം | ലേലം കൊണ്ട തുക | അടവാക്കേണ്ട GST | ആകെ | വരവ് ഹെഡിൽ ഒടുക്കിയ തുക | അടവാക്കിയ GST | Auction Deposit ഹെഡിൽ ഒടുക്കിയ തുക | മറ്റ് ഹെഡിൽ അടവാക്കിയ തുക | Rent Deposit ഹെഡിൽ ഒടുക്കിയ തുക | ആകെ |
|---|---|---|---|---|---|---|---|---|---|
| ബസ് സ്റ്റാന്റ് പിരിവ് | 183750 | 33075 | 216825 | 157500 | 23625 | 36225 | 2237 | - | 219587 |
| സസ്യചന്ത | 303334 | 54600 | 357934 | 91001 | 43980 | 77860 | - | 146000 | 358841 |
| കന്നുകാലി ചന്ത | 75000 | 13500 | 88500 | 22200 | 10800 | 55350 | - | - | 88350 |
| മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ | 26668 | 5760 | 37760 | 4000 | - | 5000 | - | 11000 | 20000 |

വരവ് ഹെഡിൽ തുക അടവാക്കാതെ Auction Deposit,rent Deposit എന്നീ ഹെഡുകളിൽ തുക അടവാക്കിയിരിക്കുന്നു. ക്രമനമ്പർ 1,2 എന്നിവയിൽ കൂടുതൽ തുകയും ക്രമനമ്പർ 3,4 എന്നിവയിൽ കുറവ് തുകയുമാണ് അടവാക്കിയിട്ടുള്ളത്. ഈടാക്കിയ തുകയിലുള്ള വ്യത്യാസം വിശദമാക്കേണ്ടതും ബാധ്യത

ശീർഷകത്തിൽ അടവാക്കിയ തുകകൾ വരവ് ഹെഡിലേക്ക് മാറ്റി വിവരം അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 11/01.04.23).

II ഫയൽ നമ്പർ- G4 16152/18

16.09.21 തിയതിയിലെ 12ാം നമ്പർ തീരുമാനപ്രകാരം ഗവ.എൽ പി സ്കൂളിന്റെ പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിന് 26.08.21 തിയതിയിൽ ക്വട്ടേഷൻ ക്ഷണിച്ചതു പ്രകാരം 557000 രൂപ ക്വാട്ട് ചെയ്ത ശ്രീ അബ്ദുൾ കബീർ,കാട്ടുമഠത്തിൽ, ചിമ്മിനി ഡാം എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. (മൂല്യനിർണ്ണയം- 169186.98 രൂപ) ലേലം ഡെപ്പോസിറ്റ് ഹെഡിലാണ് തുക അടവാക്കിയിട്ടുള്ളത്(രസീത് നമ്പർ-1210110557/31.08.21-185666 രൂപ, 12101109069/29.10.21- 371334 രൂപ). തുക ഡെപ്പോസിറ്റ് ഹെഡിൽ നിന്നും വരവ് ഹെഡിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 52/05.04.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബാധ്യതാ ശീർഷകത്തിൽ നിന്നും വരവ് ഹെഡിലേക്ക് തുക മാറ്റി വിവരം അറിയിക്കേണ്ടതാണ്.

## 1-22 നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയുമായി ബന്ധപ്പെട്ട അപാകതകൾ

1) നഗരസഭയുടെ ഉടമസ്ഥതയിലുള്ള ജൂബിലി ബിൽഡിംഗ്,ടൗൺ ഹാൾ,സൗത്ത് ബസ് സ്റ്റാൻഡ്,നോർത്ത് ബസ് സ്റ്റാൻഡ് എന്നീ കെട്ടിടങ്ങളിലെ മുറികളും, മാർക്കറ്റ്,പോട്ട മിനി മാർക്കറ്റ് എന്നിവയിലെ സ്റ്റാളുകളും വാടകയ്ക്ക് നൽകി വരുന്നുണ്ട്. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് നാളിതു വരെ നഗരസഭയ്ക്ക് സർക്കാർ അംഗീകൃത ബൈലോ ഇല്ല. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി അംഗീകൃതമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 1/29.03.23)

2) 2018-19 വർഷത്തിലാണ് 5% വാടക വർദ്ധിപ്പിച്ചിട്ടുള്ളത്.19.02.22 ലെ 18 ◌ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 22-23 വർഷത്തിലും വാടക വർദ്ധനവ് വരുത്തേണ്ടതില്ല എന്ന 3/2/22 തിയ തിയതിയിലെ 7 ◌ാം നമ്പർ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ശുപാർശ അംഗീകരിക്കുന്നതിന് തീരുമാനിച്ചു. വാടക വർദ്ധനവ് നടപ്പിൽ വരുത്താത്തതു മൂലം നഗരസഭയുടെ വരുമാന വർദ്ധനവിന് തടസ്സമാകുന്നു.

3) കെട്ടിടങ്ങളിൽ നിന്നുള്ള വാടകയുടെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| | ബാലൻസ് |
|---|---|
| തൻവർഷം | 1,538,166 |
| കുടിശ്ശിക | 1,905,347 |

വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതിതയ്യാറാക്കാത്തതുമൂലം കുടിശ്ശിക വാടകകുടിശ്ശികയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. തൻവർഷ ഡിമാന്റ് രജിസ്റ്ററിൽ DCB എഴുതി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി തയ്യാറാക്കിയിട്ടില്ല. വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-23 സെന്റ് ജയിംസ് ആശുപത്രി കെട്ടിട ക്രമവൽക്കരണം- വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

10- ആം വാർഡിൽ കിഴക്കേ ചാലക്കുടി വില്ലേജിൽ 237/2, 237/6, 237/7, 238/14, 239/4, 239/5, 239/7, 239/11, 240/12 എന്നീ സർവ്വെ നമ്പറുകളിലായി സ്ഥിതി ചെയ്യുന്ന, സെന്റ് ജെയിംസ് ആശുപത്രി അനധികൃത നിർമ്മാണം നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കെട്ടിടം ക്രമവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ടി ആശുപത്രി കോമ്പൗണ്ടിലുള്ള അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള കെട്ടിടങ്ങളുടെ വിസ്തൃതിയേക്കാൾ 5019.60 ച.മീ കൂടുതൽ നിർമ്മാണം നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. മാത്രമല്ല, നിലവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയ 3 മുതൽ 6 വരെയുള്ള നിലകളിലെ 7512.83 ച.മീ വിസ്തൃതിയിലുള്ള കെട്ടിടഭാഗങ്ങളും പെർമിറ്റില്ലാതെ അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം ക്രമവൽക്കരിച്ച്, 18.03.2021 ലെ E2-107951/2020 നമ്പർ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതുമാണ്. ഒക്യുപ്പൻസി സർട്ടിഫിക്കറ്റിൽ കെട്ടിട നിർമ്മാണം 19.01.2015 ൽ പൂർത്തിയാക്കിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ ഉപയോഗം | തറ വിസ്തീർണ്ണം | വാർഷിക വസ്തു | 2014 രണ്ടാം അർദ്ധവാർഷികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | നികുതി | മുതൽ 2022 രണ്ടാം അർദ്ധവാർഷികം വരെയുള്ള നികുതി |
| 10/47 | ലാബ് | 1022.62 | 13499 | 114742 |
| 10/49 | ചർച്ച് | 292.92 | 3867 | 32870 |
| 10/50 | കാന്റീൻ-1 | 251.16 | 24865 | 211353 |
| 10/51 | കാന്റീൻ-2 (For Priests & Nuns Only) | 279.00 | 3683 | 31306 |
| 10/60 | എച്ച് ആർ ഡിപ്പാർട്ട്മെന്റ് | 641.85 | 8473 | 72021 |
| 10/62 | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് | 324.55 | 4285 | 36423 |
| ആകെ | | 2812.10 | 58672 | 498715 |

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | വാർഷിക വസ്തു നികുതി | 2014 രണ്ടാം അർദ്ധവാർഷികം മുതൽ 2022 രണ്ടാം അർദ്ധവാർഷികം വരെയുള്ള നികുതി |
|---|---|---|---|
| 10/48 A (Ground Floor) | 139.10 | 1837 | 15615 |
| 10/48 B(1st Floor) | 247.99 | 3274 | 27829 |
| 10/48 C (2nd Floor) | 493.04 | 6509 | 55327 |
| 10/48 D(3rd Floor) | 2483.46 | 32782 | 278647 |
| 10/48 E(4th Floor) | 1950.31 | 25745 | 218833 |
| 10/48 F(5th Floor) | 1823.04 | 24065 | 204553 |
| 10/48 G(6th Floor) | 1900.11 | 25082 | 213197 |
| 10/48 H(7th Floor) | 105.14 | 1388 | 11798 |
| | 9142.19 | 120682 | 1025799 |

അനധികൃതമായി നിർമ്മാണം നടത്തിയതായി റിപ്പോർട്ട് ചെയ്ത 12532.43 ച.മീ കെട്ടിടഭാഗത്തിന്റെ 11954.29 ച.മീ വിസ്തീർണ്ണം മാത്രമേ ക്രമീകരിച്ചിട്ടുള്ളൂ (9142.19+2812.10). ബാക്കി ഭാഗം(578.14 ച.മീ) ക്രമവൽക്കരിച്ചില്ല. 2014 രണ്ടാം അർദ്ധവാർഷികം മുതൽ 2022 രണ്ടാം അർദ്ധവാർഷികം വരെയുള്ള വസ്തു നികുതി കുടിശ്ശിക

ഈടാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. നാളിതുവരെയുള്ള നികുതി കുടിശ്ശിക ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (55/05.04.2023) മറുപടി ലഭ്യമാക്കിയില്ല.

### 1-24 വെള്ളക്കരം കുടിശ്ശിക -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ഫയൽ നം. E2/10787/2006

ജല അതോറിറ്റിയിൽ നിന്നുള്ള 02/02/2023 ലെ എ5 -2633/06 നമ്പർ കത്ത് പ്രകാരം വെള്ളക്കരം കുടിശ്ശികയിനത്തിൽ 02/23 വരെ 32,45,64,055/-രൂപയാണ്. ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി കുടിശ്ശിക ഇളവ് ലഭിച്ചതിനുശേഷം അടവാക്കേണ്ട പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക 10,04,52,080/- രൂപയാണ്. പ്രസ്തുത വിഷയം 16.02.2023 ലെ കൗൺസിൽ ചർച്ച ചെയ്യുകയും കുടിശ്ശിക പൂർണമായും ഇളവ് ചെയ്യുന്നതിന് നഗരകാര്യഡയറക്ടർ മുഖേന സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ അറിയിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം.32/04.04.2023).

### 1-25 സർക്കാർ ഉത്തരവുകൾക്കനുസൃതമല്ലാതെ വാങ്ങൽ നടത്തി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | 110/22- വി.ആർ.പുരം സ്കൂളിലേക്കാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്, ഗവ.ഹൈസ്കൂൾ, വിജയരാഘവപുരം |
| ചെലവഴിച്ച തുക | 4,97,101/- (മെയിന്റൻസ് ഫണ്ട് - നോൺ റോഡ്) |
| വൗച്ചർ നം./തീയതി | 22102130/09.02.22- 4,97,101/- |

മേൽ പ്രൊജക്ട് പ്രകാരം താഴെ പറയുന്ന ഇനങ്ങൾ വി.ആർ.പുരം സ്കൂളിലേക്കായി വാങ്ങിയിട്ടുണ്ട്

| ക്രമനമ്പർ | ഇനം | എണ്ണം | വില (ജി.എസ്.ടി ഉൾപ്പെടെ) | വെണ്ടറുടെ പേരും ഇൻവോയ്സ് നമ്പരും |
|---|---|---|---|---|
| 1 | ലാപ് ടോപ്പ് | 4 | 1,84,800 | ബ്ലേസ് ടെക് കമ്പ്യൂട്ടേഴ്സ് (Invoice No.BC/A 21-22/052 Dt. 02.02.22) |
| 2 | പ്രിന്റർ | 2 | 52,200 | |
| 3 | പ്രൊജക്ടർ | 3 | 1,27,800 | |
| 4 | വാൾ മൗണ്ട് സ്ക്രീൻ | 5 | 17,250 | |
| 5 | സീലിംഗ് മൗണ്ട് കിറ്റ് | 3 | 4,956 | |
| 6 | സ്കൂൾ ബെൽ ടൈമർ | 1 | 13,500 | |
| ആകെ | | | 4,00,506 | |
| 7 | ആംപ്ലിഫയർ | 1 | 39,000 | ന്യൂ സ്റ്റാർ ഇലക്ട്രിക്കൽസ് (Invoice No.N5/21-22/A -215 Dt.02/02/22) |
| 8 | വോൾട്ടാസ് വാട്ടർ കൂളർ | 1 | 44,250 | |
| 9 | കേബിൾ | 20മീറ്റർ | 1,100 | |
| 10 | മൈക്രോഫോൺ | 1 | 2600 | |
| 11 | സ്റ്റാന്റ് | 1 | 1445 | |

| | | | | |
|---|---|---|---|---|
| 12 | സീലിംഗ് ഫാൻ | 4 | 8200 | |
| ആകെ | | | 96,595 | |
| ഒട്ടാകെ | | | 4,97,101 | |

മേൽ പ്രൊജക്റ്റ് നിർവ്വഹണത്തിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Centralised Procurement And Rate Contract System (CPRCS)മുഖേന മാത്രമേ വാങ്ങുവാൻ പാടുള്ളു(സർക്കുലർ നം.ഐടി സെൽ-1/26/2019 /വി.സ.വ. തീയതി 18.03.19, സ.ഉ.(അ)നം.10/2019/എസ്.പി.ഡി. തീയതി 22-08-19). കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ളതും 25000/- രൂപയിലധികം മൂല്യമുള്ളതുമായ സാധനങ്ങൾ കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഓൺലൈൻ പോർട്ടൽ ആയ Government E-Market Place (GeM) ൽ ലഭ്യമെങ്കിൽ നിർബന്ധമായും GeM ൽ നിന്നും വാങ്ങേണ്ടതാണ്. മേൽപറഞ്ഞ രണ്ട് മാർഗ്ഗങ്ങളിലും സമാഹരിക്കാൻ സാധിക്കാത്ത പക്ഷം കാരണം രേഖപ്പെടുത്തിയതിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്ന മാർഗ്ഗരേഖയിൽ(ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ തീയതി. 08.11.2010) നിർദ്ദേശിച്ച പരമ്പരാഗത മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ / ലിമിറ്റഡ് ടെണ്ടർ/ ഓപ്പൺ ടെണ്ടർ മുതലായവ) വാങ്ങേണ്ടതാണ്. നഗരസഭകളിൽ 50,000/- രൂപ വരെയുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖേനയും, 50,000 മുതൽ 1,00,000/- രൂപ വരെയുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടർ മുഖേനയും,1,00,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ മുഖേനയും ആയിരിക്കേണ്ടതാണ്.

മാത്രമല്ല സ.ഉ.(സാധാ)നം.3947/2019/പൊ.വി.വ. തീയതി. 27-09-2019 എന്നീ ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ/HSS/VHSE വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ് വെയർ ഉപകരണങ്ങൾ (ലാപ് ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ, 3 കെ.വി.എ യു.പി.എസ്, വൈറ്റ് ബോർഡ്, യു.എസ്.ബി. സ്പീക്കർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് മുതലായവ) സർക്കാർ/എം.പി/എം.എൽ.എ./തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ച് വാങ്ങുന്നതിന് ബാധകമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ഉപകരണങ്ങൾക്കും 5 വർഷ വാറന്റി ഉറപ്പാക്കേണ്ടതാണ്. മേൽ ഉപകരണങ്ങളുടെ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവയും വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതാണ്. മേൽ ഉത്തരവ് പ്രകാരം ഉപകരണങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പരമാവധി വില താഴെ ചേർക്കുന്നു.

ലാപ് ടോപ്പ് കമ്പ്യൂട്ടർ - 29,567/-

പ്രൊജക്ടർ - 22,509/-

സീലിംഗ് മൗണ്ടിംഗ് കിറ്റ് - 49,00/-.

പ്രൊജക്ടർ സ്ക്രീൻ - 2,200/-

മേൽ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ സ.ഉ.(സാധാ) നം.830/2022/പൊ.വി.വ. തീയതി 14.02.22 എന്ന ഉത്തരവ് പ്രകാരം പുതുക്കിയിട്ടുണ്ടെങ്കിലും മേൽ പ്രൊജക്റ്റ് പ്രകാരം വാങ്ങൽ നടത്തിയത് (എഗ്രിമെന്റ് തീയതി 17/01/22) ഉത്തരവ് തീയതിക്ക് മുൻപാണ്.

വാങ്ങൽ സംബന്ധിച്ച വ്യവസ്ഥകൾ മേൽപ്രസ്താവിച്ച പ്രകാരമായിരിക്കെ മേൽ പ്രൊജക്റ്റ് പ്രകാരമുള്ള എല്ലാ വാങ്ങലുകളും ക്വട്ടേഷൻ മുഖേനയാണ് നടത്തിയിട്ടുള്ളത്. സി.പി.ആർ.സി.എസ്./ GeM എന്നിവയിൽ നിന്നും വാങ്ങൽ നടത്താത്തതിന്റെ കാരണം രേഖപ്പെടുത്തുകയോ വില താരതമ്യം ചെയ്യുകയോ ചെയ്തിട്ടില്ല. 1,00,000/- മുകളിലുള്ള വാങ്ങലിന് ഓപ്പൺ ടെണ്ടർ രീതി അവലംബിച്ചിട്ടില്ല. ഉപകരണങ്ങൾക്ക് 5 വർഷം വാറന്റി ഉറപ്പ് വരുത്തിയിട്ടില്ല. ഐ.സി.ടി. ഹാർഡ് വെയർ ഉപകരണങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവ് പാലിക്കാത്തതിനാൽ ഉപകരണങ്ങൾക്ക് അധിക തുക നൽകാനിടയായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഇനം | സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ | ചെലവഴിച്ച തുക | വ്യത്യാസം |
|---|---|---|---|---|

| | | പരമാവധി വില | | |
|---|---|---|---|---|
| 1 | ലാപ്ടോപ്പ്-4 എണ്ണം | 1,18,268 (29567 * 4) | 1,84,800/- | 66,532 |
| 2 | പ്രൊജക്ടർ -3 എണ്ണം | 67,527 (22509 * 3) | 1,27,800/- | 60,273 |
| 3 | പ്രൊജക്ടർ സ്ക്രീൻ - 5 എണ്ണം | 11,000 (2200*5) | 17,250/- | 6,250 |
| ആകെ | | | | 1,33,055 |

ഇപ്രകാരം നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(10/31.03.23) മറുപടി ലഭ്യമാക്കിയില്ല. വാങ്ങലുകളെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നത് വരെ പ്രൊജക്ടിനായി ചെലവഴിച്ച 4,97,101/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 തുക മുൻകൂർ നൽകിയിട്ടും മുഴുവൻ മരുന്നുകൾ ലഭ്യമായില്ല.

സൂപ്രണ്ട്, താലൂക്ക് ആശുപത്രി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രൊജക്ട് നം.,പേര് | വൗച്ചർ നം,തിയതി,തുക | പ്രൊഫോർ ഇൻവോയ്സ് നം,തിയതി,തുക | മരുന്ന് ലഭ്യമായത് | ഇനി ലഭ്യമാകാനുള്ളത് |
|---|---|---|---|---|---|
| 1 | 65/22-പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങലും | 22102091/30.12.21 1,99,482/- | PRF4330/21.12.21 1,99,482 | 1,48,387/- | 51,095/- |
| 2 | 67/22-വി ആർ പുരം അർബൻ ഹെൽത്ത് സെന്റർ-മരുന്നും ഉപകരണങ്ങളും വാങ്ങൽ | 22102369/24.03.22 1,71,943/- | PRF7312/24.03.22 1,71,943/- | 1,33,918/- | 38,025/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.28/04.04.23)

## 1-27 പാലിയേറ്റീവ് കെയർ- ഫിസിയോ തെറാപ്പിസ്റ്റിന് വേതനം- പരിധിയിലധികം തുക ചെലവഴിച്ചു.

പ്രൊജക്ടിന്റെ പേരും നമ്പരും: പാലിയേറ്റീവ് കെയർ മരുന്നുവാങ്ങലും (65/22)
നിർവ്വഹണ ഉദ്യോഗസ്ഥ : സൂപ്രണ്ട്, താലൂക്ക് ആശുപത്രി
പ്രൊജക്ടിനായി ആകെ ചെലവഴിച്ച തുക : ₹8,77,770 (വികസന ഫണ്ട് – പൊതുവിഭാഗം)
പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സ.ഉ.(സാധാ)നം.553/2019/ത.സ്വ.ഭ.വ. തി.07.03.2019 ഖണ്ഡിക 2.14 പ്രകാരം ഫിസിയോ തെറാപ്പി സേവനം ആവശ്യമുള്ള രോഗികളെ സി എച്ച് സിയിലേയ്ക്ക് റഫർ ചെയ്ത് സി എച്ച് സി വഴി ലഭ്യമാക്കിയിട്ടുള്ള ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇതുവഴി രോഗികൾക്ക് ആവശ്യമായ സേവനം ലഭ്യമാകുന്നില്ല എങ്കിൽ

ബാച്ചിലർ ഓഫ് ഫിസിയോ തെറാപ്പി പാസായിട്ടുള്ള ഒരാളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇങ്ങനെ നിയമനം നടത്തുമ്പോൾ ഒരു മാസത്തിൽ കുറഞ്ഞത് ഒരു ദിവസം ഗൃഹസന്ദർശനം നടത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു വർഷത്തിൽ പരമാവധി 20 ദിവസത്തെ സേവനം ഉപയോഗപ്പെടുത്തി സേവനം നൽകിയ ദിവസങ്ങൾക്ക് ഒരു ദിവസത്തിന് 800/- രൂപ നിരക്കിൽ വേതനം നൽകാവുന്നതാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവനുസരിച്ച് ഒരു വർഷം പരമാവധി നൽകാവുന്ന വേതനം 16,000/-രൂപയാണ്(20x800). ഇതിനു വിരുദ്ധമായി താഴെപ്പറയും പ്രകാരം ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിച്ച് വേതനം നൽകിയതായി കാണുന്നു.

| ക്രമ നം. | വൗച്ചർ നം,തിയതി, തുക | ഫിസിയോ തെറാപ്പിസ്റ്റിന് നൽകിയ വേതനം | ഏതു മാസത്തേയ്ക്ക് | റിമാർക്സ് |
|---|---|---|---|---|
| 1 | 22100298/08.06.2021<br>1,27,446 | 36,060 | 4/21, 5/21 | ശ്രീമതി റെറ്റി റോയ് |
| 2 | 22100810/09.7.21<br>70,170 | 18,030 | 6/21 | ശ്രീമതി റെറ്റി റോയ് |
| 3 | 22100819/05.08.21<br>69,450 | 18,030 | 7/21 | ശ്രീമതി റെറ്റി റോയ് |
| 4 | 22100836/18.08.21<br>3,600 | 1,200 | ഫെസ്റ്റിവൽ അലവൻസ് | ശ്രീമതി റെറ്റി റോയ് |
| 5 | 22100854/15.09.21<br>85,319 | 18,030 | 8/21 | ശ്രീമതി റെറ്റി റോയ് |
| 6 | 22100877/13.10.21<br>62,416 | 18,030 | 9/21 | ശ്രീമതി റെറ്റി റോയ് |
| 7 | 22102022/09.11.21<br>52,100 | 18,030 | 10/21 | ശ്രീമതി റെറ്റി റോയ് |
| 8 | 22102049<br>04.12.21<br>66,762 | 18,030 | 11/21 | ശ്രീമതി റെറ്റി റോയ് |
| 9 | 22102102<br>06.01.2022<br>54,790 | 7,212 | 12/21 | ശ്രീമതി റെറ്റി റോയ് |
| 10 | 22102135<br>16.02.22<br>49,215 | 15,025 | 01/22 | ശ്രീമതി റെറ്റി റോയ് |
| | ആകെ | 1,67,677 | | |
| | നൽകാവുന്നത് | 16,000 | | |

| | | | | |
|---|---|---|---|---|
| | അധികം നൽകിയത് | 1,51,677 | | |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫിസിയോതെറാപ്പിസ്റ്റിന്റെ വേതനമിനത്തിൽ അധികതുക ചെലവഴിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/04.04.23) മറുപടി ലഭ്യമാക്കിയില്ല. മേൽ ചെലവിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതു വരെ അധികം നൽകിയ 1,51,677/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 നഗരസഭ ഉദ്യോഗസ്ഥർക്കും ഭരണസമിതി അംഗങ്ങൾക്കും മുൻകൂർ നൽകിയത്- വൻതുക ക്രമീകരിക്കാനായി അവശേഷിക്കുന്നു.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 99 പ്രകാരം അടിയന്തിര ചെലവുകൾക്കായി പ്രത്യേക സാഹചര്യത്തിൽ അനുവദിക്കുന്ന മുൻകൂർ തുകകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം എത്രയും വേഗം ക്രമീകരിക്കേണ്ടതാണ്. സ.ഉ.(അ)നം.419/11/ധന. തീയതി 04.10.2011 പ്രകാരം അഡ്വാൻസ് വാങ്ങിയ തുക 3 മാസത്തിനകം ക്രമീകരിച്ചിട്ടില്ലെങ്കിൽ അനുവദിച്ച അഡ്വാൻസ് തുക മുഴുവൻ ഒറ്റ ഗഡുവായി 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

അഡ്വാൻസ് ക്രമീകരിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ ഇപ്രകാരമായിരിക്കെ ഓഡിറ്റിന് ലഭ്യമാക്കിയ മുൻകൂർ രജിസ്റ്റർ പ്രകാരം 1975-76 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ അനുവദിച്ച മുൻകൂർ തുകയിൽ ₹13,12,053/- നാളിതു വരെ ക്രമീകരിക്കുകയോ തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല. മേൽ തുകയിൽ 1987-88 വർഷത്തിൽ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയ ₹70,000/- ഒഴികെയുള്ള തുകകൾ നഗരസഭയിലെ ഉദ്യോഗസ്ഥർക്ക്/അംഗങ്ങൾക്ക് അനുവദിച്ചിട്ടുള്ളതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | അഡ്വാൻസ് നൽകിയ തുകയിൽ തിരികെ അടവാക്കാനവശേഷിക്കുന്ന തുക |
|---|---|
| 1975-76 | 326 |
| 1976-77 | 1333 |
| 1977-78 | 738 |
| 1978-79 | 254 |
| 1980-81 | 3580 |
| 1981-82 | 450 |
| 1982-83 | 691 |
| 1984-85 | 1000 |
| 1985-86 | 658 |
| 1986-87 | 140 |
| 1987-88 | 70558 |
| 1988-89 | 5506 |
| 1989-90 | 8850 |
| 1990-91 | 18461 |
| 1991-92 | 20100 |
| 1992-93 | 17444 |
| 1993-94 | 2980 |
| 1994-95 | 6050 |
| 1995-96 | 4845 |

| | |
|---|---|
| 1996-97 | 7000 |
| 1997-98 | 950 |
| 1998-99 | 10250 |
| 1999-2000 | 33018 |
| 2000-01 | 10240 |
| 2001-02 | 10709 |
| 2002-03 | 80 |
| 2003-04 | 7750 |
| 2004-05 | 43502 |
| 2005-06 | 43590 |
| 2007-08 | 35000 |
| 2008-09 | 10000 |
| 2010-11 | 79500 |
| 2011-12 | 55000 |
| 2012-13 | 200000 |
| 2013-14 | 62000 |
| 2014-15 | 170000 |
| 2015-16 | 74000 |
| 2016-17 | 142000 |
| 2017-18 | 141000 |
| 2020-21 | 12500 |
| ആകെ | 13,12,053 |

മുൻകൂർ രജിസ്റ്റർ പ്രകാരം 2021-22 വർഷത്തിൽ അനുവദിച്ചതും നാളിതുവരെ ക്രമീകരിക്കാത്തതോ തുക തിരികെ അടവാക്കാത്തതോ ആയ അഡ്വാൻസ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | പ്രവ്യത്തിയുടെ വിവരം | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|---|
| 1 | 30/04/21 | കോവിഡ്-19, ഫേസ്2, സി.എഫ്.എൽ.ടി.സി., സെന്റ് ജെയിംസ് അക്കാദമിയിലേക്ക് പവർ പ്ലഗ് സ്ഥാപിക്കുന്നതിനായി | ജോജു പോൾ-RI | 50,000/- |
| 2 | 21/12/21 | കലാഭവൻ മണി പാർക്കിനകത്തെ പുല്ല് വെട്ടിമാറ്റുന്നതിനും മരക്കമ്പുകൾ മുറിച്ച് മാറ്റുന്നതിനും നൽകിയ അഡ്വാൻസ് | വിവാ വിൻസി.കെ.ഡി. | 50,000/- |
| 3 | 05/03/22 | കലാഭവൻ മണി അനുസ്മരണ ചടങ്ങ് | വത്സകുമാർ പി.ഡബ്യൂ.ഒ.-2 | 1,50,000/- |

| | | | | |
|---|---|---|---|---|
| | | നടത്തുന്നതിനായി അഡ്വാൻസ് | | |
| ആകെ | | | | 2,50,000/- |

സർക്കുലർ നം. 43/12/ധന തീയതി.24.07.2012 പ്രകാരം ക്രമീകരിക്കാത്ത മുൻകൂർ തുകകൾ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറി ആയോ റവന്യൂ റിക്കവറി നടപടികളിലൂടെയോ ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ക്രമീകരിക്കാത്ത മുൻകൂർ തുകകൾ ജീവനക്കാരിൽ നിന്നും നിയമാനുസൃതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.40/04.04.23)

## 1-29 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം., പേര് | ഫണ്ട് | വൗച്ചർ നം, തിയതി, തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 2/22, ഐ കെ എം വിഹിതം നൽകൽ | വികസനഫണ്ട്, ജനറൽ | 22100305/14.06.2021 2,83,358/- | ഐ കെ എം ന് നൽകിയത് |
| 2 | 3/22, വയോമിത്രം | വികസനഫണ്ട്, ജനറൽ | 22100313/29.06.2021 15,00,000/- | സാമൂഹ്യസുരക്ഷാമിഷന് നൽകിയത് |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.06/30.03.2023)

## 1-30 ജല അതോറിറ്റിയ്ക്ക് നൽകിയ തുകകളുടെ പൂർത്തീകരണവിവരം അറിയിച്ചിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് വേണ്ടി ജല അതോറിറ്റിയ്ക്ക് നൽകിയ തുകകളുടെ പൂർത്തീകരണവിവരം അറിയിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം., പേര് | ഫണ്ട് | വൗച്ചർ നം, തിയതി, തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 164/22, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22102132/11.02.2022 36,00,000/- | 19,83,901/-രൂപയുടെ വിനിയോഗ വിവരം ലഭ്യമായി. |
| 2 | 324/22, ചാലക്കുടി മാർക്കറ്റ് മുതൽ വെട്ടുകടവ് വരെയുള്ള കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിയ്ക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22101958/15.03.2022 30,00,000/- | വിനിയോഗ വിവരം ഇല്ല |

മേല്പറഞ്ഞ പ്രവൃത്തികളുടെ പൂർത്തീകരണവിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.07/30.03.2023)

## 1-31 അമൃത് പദ്ധതി - ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

പ്രൊജക്ട് നം.330/22-അമൃത് പദ്ധതി നഗരസഭാ വിഹിതം അടവാക്കൽ
നിർവ്വഹണം-സെക്രട്ടറി
ചെലവ്- 70,00,000/-(വൗച്ചർ നം.22102381/26.03.2022-ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
അമൃത് പദ്ധതി നഗരസഭാ വിഹിതം അടവാക്കൽ എന്ന പ്രൊജക്ടിനായി മേല്പറഞ്ഞ പ്രകാരം തുക പിൻവലിച്ച് സെക്രട്ടറിയുടെ ഇൻഡ്യൻ ബാങ്കിലുള്ള അക്കൗണ്ട് നം.7120220178 എന്ന നമ്പറിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. B4, B17 ഷെഡ്യൂളുകളിൽ തുക ഉൾപ്പെടാത്തതിൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/30.03.2023) മറുപടിയായി 2022-23 സാമ്പത്തികവർഷത്തിൽ ഏപ്രിൽ 1-ാം തിയതി ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിൽ മുന്നിരിപ്പായി 70,00,000/- രൂപ ചേർത്ത് ക്രമവത്കരിക്കുമെന്നറിയിച്ചു. ആയതുപ്രകാരം ചെയ്ത് അറിയിക്കേണ്ടതാണ്.

## 1-32 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പ്രൊജക്ട് -അനുവദിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമല്ല

പ്രൊജക്ട് നം.7/22-പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്
നിർവ്വഹണം-സെക്രട്ടറി
ചെലവ്- 4,70,771/- (വൗച്ചർ നം.22102345/22.03.2022 (വികസനഫണ്ട്, എസ് സി പി)
2,13,987/-(വൗച്ചർ നം.22102378/26.03.2022 (വികസനഫണ്ട്, എസ് സി പി)
ആകെ- 6,84,758/-
വിശ്വാസ് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ജെം മുഖേന 16 ലാപ് ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. @(42,797.37)
മേല്പറഞ്ഞ പ്രൊജക്ട് നടപ്പാക്കിയതിലുള്ള അപാകതകൾ താഴെ ചേർക്കുന്നു.
1. ഗുണഭോക്താക്കളുടെ ലിസ്റ്റ് വാർഡ് സഭ/ വാർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
2. മുൻപ് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രമില്ല.
3. വാങ്ങിയ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ സർക്കാർ ഉത്തരവ് നം. ജി.ഒ (ആർ.റ്റി) 482/2022/LSGD തി.28-02-2022 പ്രകാരം അനുവദിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമല്ല.

| | സർക്കാർ അനുവദിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ | ഇപ്പോൾ വാങ്ങിയ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ |
|---|---|---|
| Operating System | Ubuntu Version 20 | Windows 10 Professional |

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/30.03.2023) മറുപടിയായി Ubuntu Version 20 ആ സമയത്ത് ജെം പോർട്ടലിൽ ലഭ്യമല്ലായിരുന്നുവെന്നും Ubuntu Version ലാപ് ടോപ്പിനേക്കാൾ കുറഞ്ഞ തുകയ്ക്കാണ് Windows Version വാങ്ങിയത് എന്നും അറിയിച്ചു. ഗുണഭോക്താക്കളുടെ ലിസ്റ്റ് വാർഡ് സഭ/ വാർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ചതിന്റെ രേഖകൾ, മുൻപ് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതുവരെ ചെലവു തുക 6,84,758/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 സേവാഗ്രാം കെട്ടിടം പ്രവർത്തനക്ഷമമാക്കൽ പ്രൊജക്ട് -മാർഗരേഖ പാലിച്ചില്ല

പ്രൊജക്ട് നം.64/22-സേവാഗ്രാം കെട്ടിടം പ്രവർത്തനക്ഷമമാക്കൽ
നിർവ്വഹണം-സെക്രട്ടറി
ചെലവ്- 33,000/-( വൗച്ചർ നം.22102372/25.03.2022 (വികസനഫണ്ട്, ജനറൽ)
മേല്പറഞ്ഞ പ്രൊജക്ടിൽ നഗരസഭയുടെ 26-ാം വാർഡിലെ സേവാഗ്രാം ഓഫീസിന്റെ വാടകയായി 21,000/- രൂപയും ഫെസിലിറ്റേറ്റർക്ക് 12,000/- രൂപ ഓണറേറിയവും നല്കിയിട്ടുണ്ട്. സ.ഉ. (കൈ) നം.22/2018/തസ്വഭവ തി. 14.02.2018 പ്രകാരം ഇത്തരം ആവശ്യങ്ങൾക്ക് വികസനഫണ്ട് ഉപയോഗിക്കുവാൻ അനുമതിയില്ല. ആയത് നൽകുന്നതിനുള്ള ഉത്തരവുണ്ടെങ്കിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 13/01.04.2023) ലഭ്യമാക്കിയ മറുപടിയിൽ സ.ഉ (സാധാ)നം 3067/2014/തസ്വഭവ തി 25.11.2014 പ്രകാരം

2015-16 വർഷം 50,000/- രൂപ വകയിരുത്തുന്നതിന് അനുമതിയുണ്ടെന്നറിയിച്ചു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ അനുമതിയുള്ളതായി ഉത്തരവുകൾ ഹാജരാക്കിയില്ല. വികസനഫണ്ട് ഉപയോഗിക്കുമ്പോൾ മാർഗരേഖ പാലിക്കുവാൻ തുടർന്നുള്ള വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ (AMC)-ചെലവുതുക 20,59,042/- രൂപ തടസ്സപ്പെടുത്തുന്നു

2021-22 വർഷത്തിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി താഴെപ്പറയും പ്രകാരം കരാറുകാരൻ ശ്രീ എം പി മനോജിന് തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം/തിയതി | തുക | ഏതു മാസത്തേയ്ക്ക് |
|---|---|---|---|
| 1 | 96.4.2021/ 26.04.2021 | 3,25,921 | 1/21, 2/21 |
| 2 | 108.6.2021/ 17.06.2021 | 1,68,065 | 3/21 |
| 3 | 120.8.21/ 16.8.21 | 3,30,542 | 4/21, 5/21 |
| 4 | 89.9.21/ 29.9.21 | 3,34,156 | 6/21, 7/21 |
| 5 | 7.12.21/ 3.12.21 | 2,22,038 | 8/21 |
| 6 | 76.2.22 /9.2.22 | 2,27,404 | 9/21 |
| 7 | 100.3.22/ 16.3.22 | 4,50,916 | 10/21, 11/21 |
| 8 | 124.4.22/ 30.4.22 | 3,73,632 | 12/21, 1/22 (22-23 ലാണ് ചെലവ്) |
| 9 | 44.6.22/ 7.6.22 | 3,86,420 | 2/22, 3/22 (22-23 ലാണ് ചെലവ്) |

തുക ചെലവഴിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 2021-22 വർഷത്തിൽ 20,59,042/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ട് വെച്ച് ഡി പി സി അംഗീകാരം വാങ്ങാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.
2. നിയമാനുസൃത ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കൗൺസിൽ തീരുമാനപ്രകാരം ഒരേ കരാറുകാരന് തന്നെ 05.07.2016 മുതൽ ഒരേ നിരക്കിൽ തുടർച്ചയായി കരാർ പുതുക്കി നൽകി വരുന്നു.
3. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. അറ്റകുറ്റപ്പണികൾ നടത്തിയ തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക നല്കുകയാണ് ചെയ്തുവരുന്നത്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/04.04.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 2021-22 ലെ ചെലവുതുക 20,59,042/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-35 പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നില്ല

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം- റിട്ടയർമെന്റ് ബെനഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റേയും മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15-ാം തീയതിക്കുമുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവു വക്കുന്നതിന് ഡയറക്ടറുടെ പേരിൽ സെക്രട്ടറി അയച്ചു നൽകേണ്ടതാണ്. ചട്ടം 8(2) പ്രകാരം ഏതെങ്കിലും ജീവനക്കാരന് കുടിശ്ശിക ഇനത്തിലോ മറ്റോ വേതനം നൽകേണ്ടി വരികയോ ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരം ഉള്ള ബില്ലിൽ തന്നെ ബന്ധപ്പെട്ട ജീവനക്കാരുടെ പെൻഷൻ വിഹിതം ഉൾപ്പെടുത്തി ബില്ല് പാസ്സാക്കേണ്ടതും ബില്ല് മാറി 15 ദിവസത്തിനകം പെൻഷൻ വിഹിതം 1-ാം ഉപചട്ടത്തിൽ പറഞ്ഞ വിധം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. എന്നാൽ നഗരസഭ ഇപ്രകാരം പെൻഷൻ വിഹിതം അടവാക്കുന്നില്ല. 31.12.2021 വരെ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുവാനുള്ള തുക 13,68,386/- രൂപയാണ്.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം- റിട്ടയർമെന്റ് ബെനഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 8(4) 1ഉം 2ഉം ഉപചട്ടത്തിൽ നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ ഡിമാന്റ് ഡ്രാഫ്റ്റ് ഡയറക്ടർക്ക് അയക്കാത്ത പക്ഷം വീഴ്ച വരുത്തിയ കാലയളവിലേക്ക് സേവിങ്സ് ബാങ്ക് നിക്ഷേപത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിരക്കിൽ പലിശ നൽകുവാൻ മുനിസിപ്പാലിറ്റിക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്. ചട്ടം 8(6) ൽ പെൻഷൻ വിഹിതവും പലിശയും നിശ്ചിത സമയത്തിനുള്ളിൽ അടവാക്കുവാൻ വീഴ്ച വരുത്തുന്ന പക്ഷം ആക്റ്റിലെ 309 ാം വകുപ്പ് പ്രകാരം തുക ഈടാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

നഗരസഭക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് കുടിശ്ശിക ഇനത്തിൽ 31.12.2021 വരെ 3,22,25,928/-രൂപ ലഭിക്കുവാനുണ്ട്. നഗരസഭ നിലവിൽ തനത് ഫണ്ടിൽ നിന്നാണ് ജീവനക്കാരുടെ പെൻഷൻ വിഹിതം നൽകിക്കൊണ്ടിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/03.04.2023 യ്ക്ക് മറുപടിയായി നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും പെൻഷൻ അലോട്ട്മെന്റ് ലഭിക്കുന്നതുവരെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതില്ല എന്ന് 15.03.2010 ലെ 3-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ തീരുമാനം എടുത്തിട്ടുള്ളതാണെന്നറിയിച്ചു.

കുടിശ്ശിക തുക അടവാക്കുന്നതിനും നഗരസഭക്ക് ലഭിക്കേണ്ട അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 സർക്കാർ അനുവദിച്ചതിലും അധികരിച്ച തുകയ്ക്ക് വാഹനം വാങ്ങിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്

ഫയൽ നം.E2-131495/21

നഗരസഭാ ചെയർമാന് പുതിയ ഔദ്യോഗിക വാഹനം വാങ്ങുന്നതിന് നഗരസഭാകൗൺസിലിന്റെ 11.10.2021 ലെ 36 -ാംനമ്പർ തീരുമാനപ്രകാരം തീരുമാനമെടുക്കുകയും വൗച്ചർ നം.22101299/28.12.2021 (ചെക്ക് നം.820933/sib) പ്രകാരം 18,99,000/-രൂപ വിലയുള്ള ഇന്നോവ ക്രിസ്റ്റ കാർ Nippon Motor Corpn Ltd ൽ നിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിൽ സെക്രട്ടറിയും ആകെയുള്ള 36 കൗൺസിലർമാരിൽ യോഗത്തിൽ പങ്കെടുത്ത 34 പേരിൽ 4 പേരും വിയോജനം രേഖപ്പെടുത്തിയിട്ടുണ്ട്. 06/09/2012 ലെ സ.ഉ.(സാധാ) നം. 2528/2012/ തസ്വഭവ പ്രകാരവും തദ്ദേശ സ്വയംഭരണ(ഡി ബി) വകുപ്പിന്റെ 01/06/2020 ലെ 199/ഡി ബി 3/2019/ തസ്വഭവ പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിനുള്ള ഉയർന്ന പരിധി പത്തു ലക്ഷം രൂപയായി നിശ്ചയിച്ച് ഉത്തരവായിരുന്നു. സർക്കാർ അനുവദിച്ചതിലും അധികരിച്ച തുകയ്ക്ക് വാഹനം വാങ്ങിയതിലും ജെം മുഖേന വാങ്ങാത്തതിലും മറുപടി ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 43/04.04.2023 യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ അനുവദിച്ചതിലും അധികരിച്ച തുകയ്ക്ക് വാഹനം വാങ്ങിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. സർക്കാർ സാധൂകരണം ലഭ്യമാകുന്നതുവരെ അധികം ചെലവഴിച്ച 8,99,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-37 പോഷകാഹാര പദ്ധതി - വലിയതുക ചെലവ് ചെയ്ത് ബിരിയാണി റൈസ് വാങ്ങുന്നു.

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായ പദ്ധതി നം-28/22 അങ്കണവാടി പോഷകാഹാരം എന്നതിൽ, 2021-22 വർഷത്തിൽ ഏതാണ്ട് 2749 കി.ഗ്രാം ബിരിയാണി റൈസ്, 90/രൂപാ നിരക്കിൽ ഏതാണ്ട് 2,47,410/ രൂപാ ചെലവ് ചെയ്ത് വാങ്ങിയിട്ടുണ്ട്. പോഷകാഹാര വിതരണത്തിനായി WBNP അരി സൗജന്യമായി ലഭ്യമാണെന്നിരിക്കേ ഇത്ര ഭീമമായ തുക ചെലവ് ചെയ്ത് ബിരിയാണി റൈസ് വാങ്ങുന്നതിന്റെ സാഹചര്യം ആരാഞ്ഞ് കൊണ്ട് നൽകി ഓഡിറ്റ് എൻക്വയറിക്ക്, ഇവനിംഗ് സ്നാക്ക് നൽകുന്നതിനാണ് ഇത് ഉപയോഗിക്കുന്നതെന്നും, കുട്ടികൾക്ക് നൽകേണ്ട പോഷകാഹാരങ്ങളുടെ കൂട്ടത്തിൽ ഇത് ഉൾപ്പെടാത്തതിനാലും ഓഡിറ്റ് എൻക്വയറി നൽകിയ സാഹചര്യത്തിലും മേലിൽ ഇത് വാങ്ങുന്നത് ഒഴിവാക്കുമെന്നും ഐ സി ഡി എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. സൗജന്യ നിരക്കിൽ അരി ലഭ്യമായിരിക്കെ വലിയ തുക മുടക്കിയുള്ള ഇത്തരം വാങ്ങലുകൾ ഒഴിവാക്കേണ്ടതാണ്.

## 1-38 ഭക്ഷ്യ വിതരണത്തിനായി സപ്ലൈകോയെ ഒഴിവാക്കി എറണാകുളം ജില്ലാ മൊത്ത വ്യാപാരസഹകരണസംഘത്തെ ഏർപ്പെടുത്തിയത്-സർക്കാർ ഉത്തരവിന് വിരുദ്ധം

ചാലക്കുടി നഗരസഭയിലെ ഐ സി ഡി എസ് സൂപ്പർവൈസറും, എറണാകുളം ജില്ലാ മൊത്ത വ്യാപാര

സഹകരണസംഘം മാനേജിംഗ് ഡയറക്ടറും കൂടി 2021 സെപ്റ്റംബർ 17-ാം തിയതി പോഷകാഹാരവിതരണത്തിനായി, ചാലക്കുടി നഗരസഭാ സെക്രട്ടറിയുടെ G4-130554/19, 17-9-21 പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരം 20-9-21 മുതൽ ഒരു വർഷകാലയളവിലേക്ക് എറണാകുളം ജില്ലാ മൊത്ത വ്യാപാര സഹകരണസംഘം നഗരസഭാപരിധിയിലുള്ള 37 അങ്കണവാടികളിലേക്ക് സാധനങ്ങൾ നൽകേണ്ടതാണ്.

സാമൂഹ്യനീതി വകുപ്പിന്റെ 20-6-2019ലെ സർക്കുലർ നം.ബി1-493/2019 പ്രകാരം അങ്കണവാടികൾക്കാവശ്യമായ ഭക്ഷ്യ വസ്തുക്കൾ സിവിൽ സപ്ലൈസ് കോർപറേഷന്റെ അംഗീകൃത കേന്ദ്രങ്ങളിൽ നിന്നു മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി ചാലക്കുടി നഗരസഭയിൽ ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൗൺസിൽ തീരുമാനപ്രകാരമാണ് അപ്രകാരം വാങ്ങുന്നതെന്നാണ് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. പോഷകാഹാര വിതരണം സംബന്ധിച്ച് കൃത്യമായ സർക്കാർ നിർദ്ദേശം നിലനിൽക്കേ ആയത് അവഗണിച്ച് കൊണ്ടുള്ള വാങ്ങലുകൾ കർശനമായും ഒഴിവാക്കേണ്ടതാണ്.

## 1-39 ഹരിതകർമ്മ സേന- വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നത് സംബന്ധിച്ച്

ചാലക്കുടി നഗരസഭയിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം, 2019 ഒക്ടോബർ മാസം രണ്ടാം തിയതി തന്നെ ആരംഭിച്ചിട്ടുണ്ട്. ഹരിതകർമ്മസേന മാർഗരേഖ സർക്കാർ ഉത്തരവ് നം.(സാധാ)2774/2017/ത സ്വ ഭ വ, തിയതി.12-8-20 പ്രകാരം ഹരിതകർമ്മസേനയുടെ അടിസ്ഥാനനിലനിൽപ്പ് യൂസർഫീ ആണ്. ഗ്രാമപ്രദേശങ്ങളിൽ വീടുകളിൽ നിന്ന് കുറഞ്ഞത് 50 രൂപയും നഗരപ്രദേശങ്ങളില് 70/രൂപയും ആയി യൂസർഫീ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ആദ്യഘട്ടത്തിൽ നഗരസഭ ഓരോ വീടുകളിൽ നിന്നും യൂസർ ഫീ ആയി ഈടാക്കിയിരുന്നത്, 30/രൂപയും, കടകളിൽ നിന്ന് 100/രൂപയും ആണ്. ആദ്യ ഘട്ടത്തിൽ തൊഴിലാളികൾക്ക് വേതനനിരക്ക് നിശ്ചയിച്ചിരുന്നത് 400/ രൂപാ ആയിരുന്നു.

ആദ്യഘട്ടത്തിൽ തൊഴിലാളികൾക്ക് വേതനം നൽകിയിരുന്നത് മുനിസിപ്പൽ ഫണ്ടിൽ നിന്നായിരുന്നു. തൊഴിലാളികൾ അയ്യങ്കാളി തൊഴിൽദാനപരിപാടിയിൽ ഉൾപ്പെട്ടവരായതിനാൽ, ഈ തൊഴിലാഴികൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ വേതനം കഴിഞ്ഞുള്ള തുകയാണ് മുനിസിപ്പൽ ഫണ്ടിൽ നിന്നും നൽകിവരുന്നത്. തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇവരുടെ വേതനം മുനിസിപ്പൽ ഫണ്ടിലേക്ക് മാറ്റിയിരുന്നു. 2021 നവംബർ മാസം മുതൽ നഗരസഭ വീടുകളിൽ നിന്നുള്ള യൂസർ ഫീ,40/രൂപാ ആയി വർദ്ധിപ്പിക്കുകയും, തൊഴിലാളികളുടെ കൂലി 600/രൂപാ ആയി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2021 ഏപ്രിൽ മാസം മുതൽ ഹരിതകർമ്മസേനയുടെ കൺസോർഷ്യം എക്കൗണ്ടിൽ നിന്നുമാണ് തൊഴിലാളികൾക്ക് കൂലി നൽകി വരുന്നത്. നിലവിൽ ഹരിതകർമ്മസേനയിൽ 51 തൊഴിലാളികൾ ഉണ്ട്. ഇവർക്ക് കൂലി നൽകുന്നതിനായി ഒരു മാസം ഏകദേശം 765000/രൂപാ വേണ്ടി വരും. എന്നാൽ, 40/ രൂപാ യൂസർ ഫീ ആയതിന് ശേഷവും, തൊഴിലാളികലുടെ എണ്ണം 51 ആയി വർദ്ധിച്ചതിന് ശേഷവും ഏകദേശം, 4,68,000/രൂപാ ഹരിതകർമ്മസേനയ്ക്ക് വരുമാനം ലഭിക്കുന്നുണ്ട്. എന്നിരുന്നാലും, കൂലി നൽകുന്നതിന് ഈതുക അപര്യാപ്തമായതിനാൽ, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി, പദ്ധതിയിലൂടെ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നുണ്ട്.. സർക്കാർ നിശ്ചയിച്ച യൂസർ ഫീ , വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുത്തിട്ടും, പ്രതീക്ഷിത വരുമാനവും, യഥാർത്ഥ വരുമാനവും തമ്മിൽ വ്യത്യാസം വരുമ്പോൾ ആ വിടവ് നികത്താനാണ്, തനത് ഫണ്ടോ, പ്ലാൻ ഫണ്ടോ വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി നൽകാൻ സർക്കാർ ഉത്തരവ് ഉള്ളത്.( സർക്കാർ ഉത്തരവ് നം.(ആർ ടി)12502021/ത സ്വ ഭ വ, തിയതി.2-7-2021). ചാലക്കുടി നഗരസഭയിൽ 14850 വീടുകളും, 2714 കടകളും ഉണ്ട്. എന്നാൽ നഗരസഭ സർക്കാർ നിശ്ചയിച്ചതിലും കുറവ് യൂസർ ഫീ നിശ്ചയിക്കുകയും, നഗരസഭാ പരിധിയിലുള്ള എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ പിരിച്ചെടുക്കുകം ചെയ്യാതെ തൊഴിലാളികൾക്ക് ഉയർന്ന കൂലി നിശ്ചയിച്ചു നൽകുകയും ചെയ്തത് വഴി വന്ന അധിക ചെലവ് നികത്താനാണ് ഈ ഗ്യാപ്പ് ഫണ്ട് വിനിയോഗിക്കുന്നതായി കാണുന്നത്. 2021-22 ൽ 5,00,000/രൂപാ വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി പദ്ധതി വിഹിതം കൺസോർഷ്യത്തിന്റെ എക്കൗണ്ടിലേക്ക് മാറിയിട്ടുണ്ട്.

യൂസർ ഫീ സർക്കാർ നിശ്ചയിച്ച രീതിയിൽ നഗരസഭാപരിധിയിലുള്ള എല്ലാ വീടുകളിൽ നിന്നും

സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുത്തിരുന്നെങ്കിൽ നഗരസഭയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഒഴിവാക്കി മുന്നോട്ട് പോകാമായിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് യൂസർഫീ ഉയർത്തുന്നതിനായി അടുത്ത കൗൺസിലിൽ തീരുമാനം എടുക്കുന്നതാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

സർക്കാർ നിശ്ചയിച്ച നിരക്കിൽ യൂസർഫീ പിരിച്ചെടുത്ത് ഹരിതകർമസേനയുടെ മുന്നോട്ടുള്ള നടത്തിപ്പ് സ്വയംപര്യാപ്തമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 ഖരമാലിന്യ സംസ്കരണ പ്ലാന്റ്- പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

ചാലക്കുടി നഗരസഭയിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിലവിൽ ഒരു ജെ എച്ച് ഐ യുടെ കീഴിൽ എട്ട് തൊഴിലാളികളുമായി പ്രവർത്തിച്ച് വരുന്നു. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ജൈവവളം, കിലോ ഗ്രാമിന് നാലു രൂപാ നിരക്കിൽ വിറ്റഴിക്കുന്നുണ്ട്. ജൈവവള വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനം, അവരുടെ ശമ്പളം ഒഴികെയുള്ള ദൈനംദിന ചെലവുകൾക്ക് ശേഷം മാസാവസാനം നഗരസഭയിൽ അടക്കുന്ന പതിവാണ് നിലവിലുള്ളത്. ഇത് ശരിയായ രീതിയല്ല. കൂടാതെ ഇതിന്റെ പ്രവർത്തനത്തിന് നിലവിൽ ഒരു ബൈലോയില്ല.

ജൈവളം വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനം അതാത് ദിവസം തന്നെ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷംനഗരസഭയിൽ അടവാക്കേണ്ടതാണ്.

പ്ലാന്റിൽ ഉൽപാദിപ്പിക്കുന്നതും വിറ്റഴിക്കുന്നതുമായ വളത്തിന്റെ അളവ് കൃത്യമായി രേഖപ്പെടുത്തി ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

വളം വിൽപ്പനയ്ക്കായി ഉപയോഗിക്കുന്ന രശീത് പുസ്തകം നഗരസഭയിൽ നിന്നും അച്ചടിച്ച് നൽകേണ്ടതും ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കേണ്ടതുമാണ്.

ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ ദൈനംദിനചെലവുകൾക്കായുള്ള , ക്ലീനിംഗ് മെറ്റീരിയൽസ് നഗരസഭയിൽ നിന്നും തന്നെ വാങ്ങി നൽകേണ്ടതാണ്.

മേൽ കാര്യങ്ങൾ നടപ്പിലാക്കി പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 ഒരേ വൗച്ചറിന് രണ്ട് പ്രാവശ്യം തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല - അധികം നൽകിയ തുക തിരിച്ചടക്കേണ്ടതാണ്.

വൗച്ചർ നം-22101309, Dt.28-12-21

മേൽ വൗച്ചർ പ്രകാരം ഹെൽത്ത് സൂപ്പർവൈസർ, ശ്രീ.പോൾ തോമസ് എന്നവർക്ക് സ്ലോട്ടർ ഹൗസ് ബ്യൂട്ടിഫിക്കേഷനായി, 28683/രൂപാ നൽകിയിട്ടുണ്ട്. ഇതിൽ സബ്‌വൗച്ചർ-5 പ്രകാരമുള്ള 1255/രൂപാ, V.L.Kunjicheria Paint& Hardware Merchant ന്റെ Invoice No.GB2056,dt.17-8-21 പ്രകാരം നൽകിയിട്ടുള്ളതാണ്. സബ്‌വൗച്ചർ നം-15 പ്രകാരവും ഇതേ തുക വീണ്ടും ക്ലെയിം ചെയ്യതായി കാണുന്നുണ്ട്. ഒരേ വൗച്ചറിന് രണ്ട് പ്രാവശ്യം തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികം നൽകിയ, 1255/ രൂപാ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-42 കരിങ്കല്ല് സ്റ്റോക്കിലെടുത്തതിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ.

എ)പ്രോജക്ക്റ്റ് നം. 157/22

വി.ആർ പുരം അംബേദ്കർ റോഡ് കാന നിർമ്മാണം

എം.ബുക്ക്നം.65/21-22

ബിൽ നം.47/04.03.22-499896/-

മേൽ പ്രവൃത്തിയുടെ ഇനം 2 എം ബുക്ക് പേജ് 2 പ്രകാരം 11.29m3 കരിങ്കല്ല് പൊളിച്ചെടുത്ത് കസ്തൂർബ കേന്ദ്രത്തിൽ സ്റ്റോക്ക്ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗം സംബന്ധിച്ച് എൻക്വയറി നൽകിയതിന് കരിങ്കല്ല് യാർഡ് ലവലിങ്ങിന് ഉപയോഗിച്ചതായി മറുപടി ലഭ്യമാക്കിയെങ്കിലും ആയത് യാർഡ് ലവലിങ്ങിന് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച കൗൺസിൽ തീരുമാനം, എത്ര അളവ് ഉപയോഗപ്പെടുത്തി എന്നതിന്റെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം സ്റ്റോക്ക് ചെയ്യുന്ന മെറ്റീരിയൽ അളവെടുത്ത് വാല്യുവേഷൻ കണക്കാക്കി സെക്രട്ടറിക്ക് കൈമാറേണ്ടതും ആയതിന്റെ വിനിയോഗം സംബന്ധിച്ച കൗൺസിൽ തീരുമാനം

ലഭ്യമാക്കേണ്ടതുമാണ്. പ്രവത്തിക്ക് ഉപയോഗപ്പെടുത്തി എന്നതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ബി)ആർ.വി.പുരം റേഷൻ ഷോപ്പ് നേതാജി ബൈലൈൻ കാന നിർമ്മാണം

പ്രോജക്റ്റ് നം. 224/22

എം.ബുക്ക്നം.66/21-22

മേൽ പ്രവൃത്തിയുടെ ഇനം 2 എം ബുക്ക് പേജ് 2 പ്രകാരം 11.29m3 കരിങ്കല്ല് പൊളിച്ചെടുത്ത് കസ്റ്റർബ കേന്ദ്രത്തിൽ സ്റ്റോക്ക്ചെയ്തിട്ടുണ്ട്.

പൊളിച്ചെടുത്ത കരിങ്കല്ലിന്റെ വിനിയോഗവിവരം ലഭ്യമാക്കണമെന്നനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിനിയോഗം സംബന്ധിച്ച് കൗൺസിൽ തീരുമാനം, സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 19/03.04.23)

## 1-43 മാതറോഡ് നവീകരണം -ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക നൽകി.

പ്രോജക്റ്റ് നം-309/22

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

എഗ്രീഡ് പി.എ.സി.-1271406/-

കോൺട്രാക്ടർ-ഡേവിസ്.എം.ടി.

എഗ്രിമെന്റ് 64/21-22/25.02.22

മേൽ പ്രവൃത്തിയുടെ ഇനം 1 ന് ടെന്റർ പ്രകാരം രേഖപ്പെടുത്തിയിരുന്ന നിരക്ക് 180/m2 രൂപയായിരുന്നു. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ഇനം 1 ന് 276.51 M2 രൂപ നൽകിയിട്ടുണ്ട്. ഇനം 1 പ്രകാരം 407.65 M2 പ്രവൃത്തി ചെയ്തിട്ടുണ്ട്. 1m2 ന് 96.51 (276.51-180) രൂപ വീതം 407.65m2 ന് 39342- രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. ടി പ്രവത്തിയുടെ ഫൈനൽ ബിൽ നൽകിയിട്ടുള്ളത് 2022-23 വർഷത്തിലാണ്. ഓഡിറ്റ് എൻക്വയറി നൽകിയതിന് (20/03.04.23) തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-44 ടാർ അധികവിഹിതം നൽകിയത് -അപാകതകൾ

2021-22 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രവൃത്തികൾക്ക് ബിറ്റുമിന്റെ അധിക വില കണക്കാക്കി നൽകിയിട്ടുണ്ട്.

അപാകതകൾ

1. ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് വർക്കുകളുടെ ടെണ്ടർ പരസ്യത്തിൽ ബിറ്റുമിന്റെ അധിക വില കരാറുകാർക്ക് നൽകുന്നതാണ് എന്ന് ചേർത്തതായി കാണുന്നില്ല.

2. കരാറുകാരുമായുള്ള എഗ്രിമെന്റിൽ ബിറ്റുമിന്റെ അധിക വില നഗരസഭ നൽകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | നൽകിയ തുക |
|---|---|---|
| 1 | ഗ്രീൻ ഗാർഡൻ റോഡ്, വാഴൂരാൻ റോഡ് റീടാറിങ്ങ്-62/22 | 7300/- |
| 2 | ജയ് ജവാൻ റോഡ് റീടാറിങ്ങ് -46/22 | 15000/- |
| 3 | കാട്ടാളൻ റോഡ് റീടറിങ്ങ്-98/22 | 14000 |
| 4 | വെട്ടുകടവ് ഗവ.ഹോസ്പിറ്റൽ റോഡ്-280/22 | 13000 |
| 5 | കുട്ടാടൻ പാടം റോഡ് ബൈലൈൻ | 16500 |

| | | |
|---|---|---|
| | നവീകരണം-58/22 | |
| 6 | ഹോസ്പിറ്റൽ ബൈലൈൻ റോഡ് ശ്രേയസ് റോഡ് പുനരുദ്ധാരണം | 23384 |
| 7 | പനമ്പിള്ളി കോളേജ് പമ്പാമ്പോട്ട് അമ്പലം ബൈലൈൻ റോഡ് പുനരുദ്ധാരണം-92/22 | 9800 |
| 8 | രാമൻബൈലൈൻ റോഡ് കാരക്കുളങ്ങര റോഡ് നവീകരണം-60/22 | 19600 |

മേൽ പ്രകാരം അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (21/03.04.23) നൽകിയതിന് അധിക വിഹിതം നൽകുവാൻ അനുമതി നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവ് ഹാജരാക്കിയെങ്കിലും മേൽ പറഞ്ഞിട്ടുള്ള അപാകതകൾ നിലനിൽക്കുന്നു. ടാർ അധിക വിഹിതം നൽകുമ്പോൾ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-45 PMAY ഭവന നിർമ്മാണ പദ്ധതി -രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

തൻവർഷം DPR-7 ൽ ഉൾപ്പെട്ട 99 ഗുണഭോക്താക്കൾക്ക് PMAY പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 7 ഗുണഭോക്താക്കൾ 40000/- രൂപ ഒന്നാം ഗഡു മാത്രം കൈപ്പറ്റിയവരാണ്. 17 ഗുണഭോക്താക്കൾ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടുള്ളത്. DPR-1 മുതൽ DPR-8 വരെയുള്ള ഗുണഭോക്കളിൽ ഭൂരിപക്ഷം ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഓരോ DPR ന്റേയും ഗുണഭോക്തൃ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തത് മൂലം മുൻ വർഷങ്ങളിൽ നൽകിയ തുകയുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. മുൻവർഷങ്ങളിൽ രജിസ്റ്റർ തയ്യാറാക്കിയിരുന്നില്ല. തൻ വർഷം രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ക്യാഷ് ബുക്ക് പ്രകാരമുള്ള മുഴുവൻ പേമെന്റുകളും രജിസ്റ്ററിൽ ചേർത്തിട്ടില്ല. മാത്രമല്ല ഒരു ഗുണഭോക്താവിന്റെ പേര് തന്നെ പല തവണയായി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും വിവിധ ഘട്ടങ്ങളിൽ നൽകിയ തുക വേറെ ക്രമനമ്പർ ചേർത്ത് രേഖപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്.

ഓരോ DPR ലേയും ഗുണഭോക്താക്കളുടെ രജിസ്റ്റർ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതും,ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-46 ടൗൺഹാളിൽ അക്വസ്റ്റിക്സ് സംവിധാനം പൂർത്തീകരണം- സെന്റേജ് ചാർജ്ജ്,ഓവർഹെഡ് ചാർജ്ജ് എന്നിവ അധികം നൽകി.

പ്രോജക്റ്റ് നം. 329/22

വകയിരുത്തിയ തുക-3044073/--

വൗച്ചർ നം. തി. തുക -22102455/31.03.2022-3044073/-
നിർവ്വഹണോദ്യോഗസ്ഥൻ -മുനിസിപ്പൽ എഞ്ചിനീയർ

കരാറുകാരൻ -ഊരാലുങ്കൽ ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.നം10957

എഗ്രിമെന്റ് 09/20-21 Dt.26.02.21

കരാർ തുക-4365000/-

ജി.ഒ.പി.നം.67/2021/fin Dt.28.04.21 ഖണ്ഡിക 7.1(IV)പ്രകാരം ഒരു കോടിയിൽ താഴെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികൾക്ക് 8% സെന്റേജ് ചാർജ്ജിനാണ് അർഹതയുള്ളത്. ഖണ്ഡിക 7.2 പ്രകാരം ടെന്റർ ഒഴിവാക്കി നേരിട്ട് അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കുമ്പോൾ 8% സെന്റേജ് ചാർജ്ജിൽ നിന്നും 0.5% കുറച്ച് 7.5% നാണ് അർഹതയുള്ളത്. മേൽ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് ഓവർഹെഡ് ചാർജ്ജ് നൽകുന്നതിന് അർഹതയില്ല. മേൽ പ്രവൃത്തിയുടെ ഫസ്റ്റ് &പാർട്ട് ബിൽ പ്രകാരം സെന്റേജ് ചാർജ്ജ്

13.78%, ഓവർഹെഡ് ചാർജ്ജ് 7.5% എന്നിവ ഉൾപ്പെടുത്തിയ തുക കണക്കാക്കി നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | നൽകിയ | നൽകേണ്ട തുക |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 3128847.5 | 3128847.5 |
| കുറക്കുക | | |
| CPOH 15% | 408111 | 408111 |
| | 2720736.5 | 2720736.5 |
| Add-7.5%OHcharges | 204055.2 | --- |
| | 2924791.7 | 2720736.5 |
| Add Centage Charge 13.78% | 403036 | 204055.(7.5%) |
| | 3327828 | 2924791.5 |
| Add-GST18% | 599009 | 526462.47 |
| | 3926837 | 3451253.97 |
| Less-Advance Paid | 716373 | 716373 |
| | 3210464/ Ltd To 3044073 | 2734880.97 |
| അധികം | | 309192/- |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയിരിക്കുന്നത് 2022-23 വർഷത്തിലാണ്. പാർട്ട് ബിൽ പ്രകാരം അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-47 ടൗൺഹാൾ അടിസ്ഥാന സൗകര്യ വികസനം -അപാകതകൾ

പ്രോജക്റ്റ് നം-231/22

നിർവ്വഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

ബിൽ നം.തി.03/11.03.22-751369/-

കാലാവധി-12മാസം

വകയിരുത്തിയ തുക-7500000/-

എം.ബുക്ക് നം.141/20-21,09/21-22,08/17-18,175/18-19

കരാറുകാരൻ- ഊരാലുങ്കൽ ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.നം10957

എഗ്രിമെന്റ്-01/17-18/02.09.17

TS-23175/17-18

അപാകതകൾ

1)മേൽ പ്രവൃത്തി 17-18 വർഷം 02.09.2017 ൽ എഗ്രിമെന്റ് വെച്ചിട്ടുള്ളതും, ആരംഭിച്ചിട്ടുള്ളതുമാണ്. ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 1 വർഷമാണ് 01.09.18 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പണി പൂർത്തീകരിച്ച് അളവെടുത്തിട്ടുള്ളത് 3 വർഷത്തിനു ശേഷം 02.09.21 നാണ്. തൻവർഷം ഫൈനൽ ബിൽ നൽകിയപ്പോൾ പണി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല.

2)എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനം 5, 6, 7, 8, 9, 10, 11, 12, E2.5, E2.6,E2.7, E2.8, E4.18, E4.19, E4.20,E4.21, E4.22, E4.24, E4.25, E4.26 പ്രവൃത്തികൾ പൂർത്തീകരിക്കാതെയാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്.
ഓഡിറ്റ് എൻക്വയറി (46/05.04.23) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കേണ്ടതും, എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുമാണ്.

## 1-48 സൂപ്പർവിഷൻ ചാർജ്ജ് അധികം നൽകി.

സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ. തി. 22.09.2015 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ധനകാര്യവകുപ്പിന്റെ (Industries & Public Works-B) 01.03.2019-ലെ സർക്കുലർ നം.18/2019/ഫിൻ ഖണ്ഡിക 6 പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് ഇത്തരം ആവശ്യങ്ങൾക്ക് പരിഗണിക്കേണ്ടത്. ഇപ്രകാരമല്ലാതെ ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജ് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | ചെലവ് തുക, വൗച്ചർ നം., തിയതി | നൽകിയ തുക | നൽകാവുന്നത് (Estimate PAC Excluding GST*4%) | അധികം നൽകിയത് |
|---|---|---|---|---|
| 151/22 മുനിസിപ്പൽ ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 827094/ | 33084+4783 | 33810 (845248.43x4%) | 4057 |
| നഗരസഭ ഓഫീസ് വൈദ്യതീകരണം | 363686 | 14225 | 12692 (317315*4%) | 1533 |
| നഗരസഭ ഓഫീസ് ജനറേറ്റർ | 768761 | 29675 | 26395 (659898*4%) | 3280 |
| | | | | 8870 |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. (33/04.04.23,51/05.04.23)

## 1-49 കാലിബാരലിന്റെ വില കരാറുകാരിൽ നിന്നും കുറവ് ഈടാക്കി.

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പാക്കിയ റോഡ് ടാറിങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില 250/രൂപയാണ്ഈടാക്കിയിട്ടുള്ളത്. എന്നാൽ കാലിബാരലിന് 238 രൂപയും 18% GST അടക്കം 281/-രൂപ നഗരസഭയുടെ തനത് ഫണ്ടിൽ അടവാക്കേണ്ടതായിരുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച ടാർവീപ്പയുടെ എണ്ണം | ഫൈനൽ ബില്ലിൽ നിന്നും പിടിച്ച തുക | പിടിക്കേണ്ടതുക | കുറവ് |
|---|---|---|---|---|---|
| 1 | ഗ്രീൻ ഗാർഡൻ റോഡ്,വാഴൂരാൻ റോഡ് റീടാറിങ്ങ്-62/22 | 21 | 5250 | 5901 | 651 |
| 2 | ജയ് ജവാൻ റോഡ് റീടാറിങ്ങ് -46/22(!st &Part Bill) | 35 | 8750 | 9835 | 1085 |
| 3 | കാട്ടാളൻ റോഡ് റീടറിങ്ങ്-98/22 | 21 | 5250 | 5901 | 651 |
| 4 | വെട്ടുകടവ് ഗവ.ഹോസ്പിറ്റൽ റോഡ്-280/22 | 37 | 9250 | 10397 | 1147 |

| | | | | | |
|---|---|---|---|---|---|
| 5 | പോട്ട മിനി മാർക്കറ്റ് റോഡ് റീടാറിങ്ങ്-284/22 | 12 | 3000 | 3372 | 372 |
| 6 | തച്ചട പറമ്പ് വി.ആർ പുരം റോഡ് വില്ലനശ്ശേരിറോഡുകളുടെ നവീകരണം-99/22 | 32 | 8000 | 8992 | 992 |
| 7 | സ്റ്റേഷൻ മാസ്റ്റർ റോഡ് അനുഗ്രഹ സദൻ റോഡ് വെട്ടുകടവ് ബണ്ട് റോഡ് പുനരുദ്ധാരണം-45/22 | 38 | 9500 | 10678 | 1178 |
| 8 | KK റോഡ് ബൈലൈൻ റോഡ് റിനോവേഷൻ-63/22 | 40 | 10000 | 11240 | 1240 |
| 9 | കുട്ടാടൻ പാടം റോഡ് ബൈലൈൻ നവീകരണം-58/22 | 27 | 6750 | 7587 | 837 |
| 10 | ഹോസ്പിറ്റൽ ബൈലൈൻ റോഡ് ശ്രേയസ് റോഡ് പുനരുദ്ധാരണം | 39 | 9750 | 10959 | 1209 |
| 11 | പനമ്പിള്ളി കോളേജ് പമ്പാമ്പോട്ട് അമ്പലം ബൈലൈൻ റോഡ് പുനരുദ്ധാരണം-92/22 | 27 | 6750 | 7587 | 837 |
| 12 | മോസ്കോ ഇരട്ടപ്പാലം റീടാറിങ്ങ് -220/22 | 36 | 9000 | 10116 | 1116 |
| 13 | ഉറുമ്പൻകുന്ന് കമ്മ്യൂണിറ്റി ഹാൾ റോഡ് റീടാറിങ്ങ്-225/22 | 25 | 6250 | 7025 | 775 |
| 14 | അംബൂക്കൻ റോഡ് കിഴത്താണി റോഡ് പുനരുദ്ധാരണം-57/22 | 21 | 5250 | 5901 | 651 |
| 15 | കട്ടിപ്പൊക്കം ജംഗ്ഷൻ മുതൽ സെന്റ്.ജോസഫ് പള്ളി വരെ റീടാറിങ്ങ് -41/22 | 34 | 8500 | 9554 | 1054 |
| 16 | പെരിയച്ചിറ ധന്യ നഗർ റോഡ് ബണ്ട് നിർമ്മാണം-35/22 | 34 | 8500 | 9554 | 1054 |
| 17 | റെയിൽവെ സ്റ്റേഷൻ തച്ചപറമ്പ് റീടാറിങ്ങ് -61/22 | 17 | 4250 | 4777 | 527 |
| | ആകെ | | | | 15376 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (22/03.04.23) നൽകിയതിന് നിലവിൽ സർക്കാർ കാലിബാരലിന് വില നിശ്ചയിച്ചിട്ടില്ലെന്നാണ് മറുപടി നൽകിയത്. 15376/-രൂപ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-50 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികളിൽ നിന്ന് ലഭ്യമായ മണ്ണ് അളവുപുസ്തകങ്ങളിൽ ചേർത്ത് വിവിധ സ്ഥലങ്ങളിൽ സ്റ്റോക്ക് ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ മണ്ണ് എപ്രകാരം വിനിയോഗിക്കണമെന്നത് സംബന്ധിച്ച കൗൺസിൽ തീരുമാനം, സ്റ്റോക്ക് ചെയ്ത മണ്ണിന്റെ വിനിയോഗവിവരം, ഇവ ലേലം നടത്തിയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | പ്രവൃത്തിയുടെ പേര്, | ലഭ്യമായ ആകെ മണ്ണ് | അളവുപുസ്തകം നം./ പേജ്നം. മണ്ണ് -അളവ് |
|---|---|---|---|
| 1 | സ്റ്റേഷൻ മാസ്റ്റർറോഡ് അനുഗ്രഹ സദൻ റോഡ്, കാട്ടുപറമ്പിൽ<br>അമ്പലം റോഡ്, കുടപ്പുഴ വെട്ടുകടവ് കനാൽ ബണ്ട് റോഡ് പുനരുദ്ധാരണം | 56.70m3 | 73/21-22,<br>പേജ് നം.3<br>ഇനം 9 |
| 2 | കണ്ണമ്പുഴ അമ്പലം<br>മരുത്തോംപിള്ളി അമ്പലം റോഡ് നവീകരണം | 52.44m3 | 100/21-22<br>പേജ് നം.7<br>ഇനം 1 |
| 3 | പാലിയംപാടം റോഡ്<br>നവീകരണം | 26.41 | 102/21-22<br>പേജ് നം.2<br>ഇനം 2 |
| 4 | വാർഡ് 13 വിവിധ റോഡ് പുനരുദ്ധാരണം | 10.745m3 | 42/21-22,<br>പേജ് നം.11<br>ഇനം 13 |
| 5 | പ്രളയഫണ്ട് അട്ടതേതോട് ബൈലൈൻ കാന നിർമ്മാണം201/22 | 29.062m3 | 27/20-21<br>പേജ് നം.4<br>ഇനം 1 |
| 6 | വെട്ടുകടവ് സ്നേഹ നഗർ റോയൽ ബ്രിക്സ് റോഡ് | 77.09m3 | 97/21-22<br>പേജ് നം.4<br>ഇനം 21 |
| 7 | ആർ.വി.പുരം റേഷൻ<br>ഷോപ്പ് നേതാജി ബൈലൈൻ കാന നിർമ്മാണം-224/22 | 29.25m3 | 66/21-22<br>പേജ് നം.5<br>ഇനം 3 |
| 8 | എടവഴിക്കടവ് റോഡ് ആറാട്ടുകടവ് കാന നിർമ്മാണം-257/22 | 108m3 | MB-171/20-21<br>ഇനം 1<br>പേജ് 3 |
| | പാലസ് ഓഡിറ്റോറിയം മുതൽ ശ്രീധരമംഗലം ക്ഷേത്രം വരെ കാന നിർമ്മാണം-218/22 | 53.864m3 | MB-218/21-22<br>ഇനം 1<br>പേജ് 8 |

മേൽ പ്രകാരം കുഴിച്ചെടുത്ത മണ്ണിൽ ഭൂരിഭാഗവും മുനിസിപ്പൽ ഇൻഡോർ സ്റ്റേഡിയത്തിൽ നിരത്തിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം നിരത്തുന്നതിന് കൗൺസിൽ തീരുമാനം കൂടി

ലഭ്യമാക്കേണ്ടതാണ്. മാത്രമല്ല എത്ര അളവ് മണ്ണ്, എവിടെയൊക്കെ നിക്ഷേപിച്ച എന്നതിന്റെ അളവ് കൂടി എം.ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എം.ബുക്കിൽ സർട്ടിഫിക്കറ്റ് എഴുതിയത് കൊണ്ട് മാത്രം മണ്ണിന്റെ വിനിയോഗവിവരം പൂർണ്ണമാകുന്നില്ല. അതിനാധാരമായ കൗൺസിൽ തീരുമാനം കൂടി എം.ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. മരാമത്ത് പ്രവൃത്തികളിൽ നിന്നും ലഭിക്കുന്ന മണ്ണ് സ്റ്റോക്കിലെടുത്ത് എം.ബുക്കിൽ അളവ് രേഖപ്പെടുത്തേണ്ടതും, പ്രവൃത്തിക്ക് ഉപയോഗപ്പെടുത്തി ബാക്കിയുള്ള മണ്ണ് ലേലം ചെയ്യുന്നതിന് സ്റ്റോക്ക് റിപ്പോർട്ടോടു കൂടി സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം ചെയ്തിട്ടുള്ള ഒരു പ്രവൃത്തിയിലും ഇപ്രകാരം ചെയ്തതായി കാണുന്നില്ല. മേലിൽ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-51 ടൗൺഹാൾ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

എ)തൻവർഷം ടൗൺഹാൾ പൂർത്തീകരണം (പ്രോജക്റ്റ് നം.303/22) പദ്ധതി പ്രകാരം 30.03.2023 വരെ 17601203/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി വിവിധപ്രോജക്ടുകൾ തയ്യാറാക്കി പ്രവൃത്തി പൂർത്തീകരിക്കുകയാണ് ചെയ്യുന്നത്. ഒരു കെട്ടിടത്തിന്റെ പൂർണ്ണതക്കാവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി പ്രോജക്റ്റ് തയ്യാറാക്കാത്തത് മൂലവും, ഫയൽ കൃത്യമായി സൂക്ഷിക്കാത്തത് മൂലവും പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. നാളിതുവരെ ടൗൺഹാൾനിർമ്മാണത്തിന് വേണ്ടി ചെലവഴിച്ച കൃത്യമായ കണക്കുകളും ലഭ്യമല്ല. ഒരു കെട്ടിടം പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് പ്രകാരം പണി പൂർത്തീകരിക്കുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി)ടൗൺഹാൾ ഇലക്ട്രിഫിക്കേഷൻ എന്ന പ്രവൃത്തിയിൽ

HVAC Work, ഇലക്ട്രിഫിക്കേഷൻ, ഫയർ പ്രൊട്ടക്ഷൻ, ലിഫ്റ്റ് വർക്ക്എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തി 74 ലക്ഷം രൂപ വകയിരുത്തുകയും, തൻവർഷം ടി പ്രവൃത്തിക്ക് വേണ്ടി 4000000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ നാളിതുവരേയും മേൽ രണ്ട് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ല. എത്രയും വേഗം പണി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകേണ്ടതും പണി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കേണ്ടതുമാണ്.

## 1-52 ജി.ജി.എച്ച്.എസ്. - വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ- നിലവിലുള്ള ഉത്തരവുകൾ പാലിക്കാതെ വാങ്ങലുകൾ നടത്തി.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | 115/22- ജി.ജി.എച്ച്.എസ് - വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്, ജി.ജി.എച്ച്.എസ്. |
| ചെലവഴിച്ച തുക | 2,97,117/- (മെയിന്റൻസ് ഫണ്ട് - നോൺ റോഡ്) |
| വൗച്ചർ നം./തീയതി | 22102031/20.11.21- 8,630/-<br>22102103/12.01.22- 1,98,099/-<br>22102327/21.03.22- 90,388/- |

മേൽ പ്രൊജക്ട് ഫയൽ പ്രകാരം ജി.ജി.എച്ച്.എസ്. ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | വില (ജി.എസ്.ടി ഉൾപ്പെടെ) | വെണ്ടറുടെ പേര് |
|---|---|---|---|---|
| 1 | വിദ്യാലയത്തിലേക്ക് കുടിവെള്ളം- മോട്ടോർ വാങ്ങിയത് | 1 | 8,630 | കുമാർ അസോസിയേറ്റ്സ് |
| 2 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | പ്രിന്റർ - 1<br>കീബോർഡ് -10<br>മൗസ് -10 | 1,24,574 | ബ്ലേസ് ടെക് കമ്പ്യൂട്ടേഴ്സ് |

| | | | | |
|---|---|---|---|---|
| | | മോണിറ്റർ 20 - 5<br>ഹെഡ് ഫോൺ വിത്ത് മൈക്ക് - 1<br>കമ്പ്യൂട്ടർ സ്പീക്കർ - 1<br>ഓഡിയോ സിസ്റ്റം - 1 | | |
| 3 | ഇലക്ട്രിക്കൽ ഉപകരണങ്ങൾ | എൽ.ഇ.ഡി.ട്യൂബ്സെറ്റ് - 25 എണ്ണം<br>സീലിംഗ് ഫാൻ - 10<br>മൈക്രോഫോൺ - 2<br>മൈക്ക് സ്റ്റാന്റ് - 1<br>വൈറ്റ് ബോർഡ് - 3<br>റഫ്രിജറേറ്റർ - 1<br>ബുക്ക് റാക്ക് - 2 | 73,525 | ന്യൂ സ്റ്റാർ ഇലക്ട്രിക്കൽസ് & കോൺട്രാക്ടേഴ്സ് |
| 4 | സ്റ്റീൽ കതകുകൾ | 4 എണ്ണം | 90,388 | എടത്താടൻ ക്രിയേഷൻസ് & പ്രൊജക്ട്സ് പ്രൈ.ലി. |
| ആകെ | | | 2,97,117 | |

മേൽ പ്രൊജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Centralised Procurement And Rate Contract System (CPRCS)മുഖേന മാത്രമേ വാങ്ങുവാൻ പാടുള്ളൂ. (സർക്കുലർ നം.ഐടി സെൽ-1/26/2019 /വി.സ.വ. തീയതി 18.03.19, സ.ഉ.(അ)നം.10/2019/എസ്.പി.ഡി. തീയതി 22-08-19). കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ളതും 25000/- രൂപയിലധികം മൂല്യമുള്ളതുമായ സാധനങ്ങൾ കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഓൺലൈൻ പോർട്ടൽ ആയ Government E-Market Place (GeM) ൽ ലഭ്യമെങ്കിൽ നിർബന്ധമായും GeM ൽ നിന്നും വാങ്ങേണ്ടതാണ്. മേൽപറഞ്ഞ രണ്ട് മാർഗ്ഗങ്ങളിലും സമാഹരിക്കാൻ സാധിക്കാത്ത പക്ഷം കാരണം രേഖപ്പെടുത്തിയതിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്ന മാർഗ്ഗരേഖയിൽ(ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ തീയതി.08.11.2010) നിർദ്ദേശിച്ച പരമ്പരാഗത മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ / ലിമിറ്റഡ് ടെണ്ടർ/ ഓപ്പൺ ടെണ്ടർ മുതലായവ) വാങ്ങേണ്ടതാണ്. നഗരസഭകളിൽ 50,000/- രൂപ വരെയുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖേനയും, 50,000 മുതൽ 1,00,000/- രൂപ വരെയുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടർ മുഖേനയും,1,00,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ മുഖേനയും ആയിരിക്കേണ്ടതാണ്.

വാങ്ങൽ സംബന്ധിച്ച വ്യവസ്ഥകൾ മേൽപ്രസ്താവിച്ച പ്രകാരമായിരിക്കെ മേൽ പ്രൊജക്ട് പ്രകാരമുള്ള എല്ലാ വാങ്ങലുകളും ക്വട്ടേഷൻ മുഖേനയാണ് നടത്തിയിട്ടുള്ളത്. സി.പി.ആർ.സി.എസ്./ GeM എന്നിവയിൽ നിന്നും വാങ്ങൽ നടത്താത്തതിന്റെ കാരണം രേഖപ്പെടുത്തുകയോ വില താരതമ്യം ചെയ്യുകയോ ചെയ്തിട്ടില്ല. ഫയലിൽ ക്വട്ടേഷൻ നോട്ടീസ്, സപ്ലൈ ഓർഡർ, ക്വട്ടേഷൻ അംഗീകരിച്ച തീരുമാനങ്ങൾ, ഗുണഭോക്താവിന് തുക കൈമാറിയത് തെളിയിക്കുന്ന യു.ടി.ആർ സ്റ്റേറ്റ്മെന്റ് മുതലായവ ഫയലിൽ മുതലായവ സൂക്ഷിച്ചിട്ടില്ല. 1,00,000/- മുകളിലുള്ള വാങ്ങലിന് ഓപ്പൺ ടെണ്ടർ രീതി അവലംബിച്ചിട്ടില്ല.

2. സ.ഉ.(സാധാ) നം. 97/2018/പൊ.വി.വ. തീയതി 06.01.2018, സ.ഉ.(സാധാ) നം.3947/2019/പൊ.വി.വ. തീയതി. 27-09-2019 എന്നീ ഉത്തരവുകൾ പ്രകാരം പൊതു വിദ്യാഭ്യാസ/HSS/VHSE വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ് വെയർ ഉപകരണങ്ങൾ (ലാപ് ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ, 3 കെ.വി.എ യു.പി.എസ്., വൈറ്റ് ബോർഡ്, യു.എസ്.ബി. സ്പീക്കർ, പ്രൊജക്ടർ മൗണ്ടിംഗ്

കിറ്റ് മുതലായവ) സർക്കാർ/എം.പി/എം.എൽ.എ./തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ച് വാങ്ങുന്നതിന് ബാധകമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ഉപകരണങ്ങൾക്കും 5 വർഷ വാറന്റി ഉറപ്പാക്കേണ്ടതാണ്. മേൽ ഉപകരണങ്ങളുടെ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവയും വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതാണ്. വ്യക്തമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയ ക്വട്ടേഷൻ/ടെണ്ടർ നോട്ടീസ്, വെണ്ടറുമായുള്ള കരാർ എന്നിവയുടെ അഭാവത്തിൽ മേൽപ്രൊജക്ട് പ്രകാരമുള്ള വാങ്ങലുകളിൽ മേൽ ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെട്ടതായി ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

3. ക്ലാസ്സ് റൂമിലേക്ക് 4 കതകുകൾക്കായി Edathadan Creations & Projects Pvt.Ltd. എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (A/c No.3480201000207 IFSC:CNRB0003480) ₹90,388/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ടാക്സ് ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫയലിൽ ലഭ്യമായ ക്വട്ടേഷൻ പ്രകാരം സൃഷ്ടി ബിൽഡേഴ്സ് എന്ന സ്ഥാപനത്തിന്റെ 90,388/- (Door With Fitting -76,600/- + 6894+6894 (GST)) ക്വട്ടേഷനാണ് സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. അംഗീകരിച്ച ക്വട്ടേഷനിൽ നിന്ന് വ്യത്യസ്തമായി മറ്റൊരു സ്ഥാപനത്തിന് തുക കൈമാറിയത് എപ്രകാരമെന്ന് വ്യക്തമല്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കതകുകൾ ലഭിച്ചതായി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും കതകുകൾ സ്ഥാപിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.03/29.03.23) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് അംഗീകരിക്കത്തക്ക മറുപടി ലഭ്യമാക്കുന്നത് വരെ പ്രൊജക്ടിനായി ചെലവഴിച്ച 2,97,117/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-53 സ്കൂളിലേക്ക് ലാപ് ടോപ്പ്, മൈക്ക് മുതലായവ വാങ്ങൽ - വാങ്ങലുകളിലെ അപാകങ്ങൾ

2021-22 വർഷത്തിൽ ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്. ചാലക്കുടി ഈസ്റ്റ് നടപ്പാക്കിയ ഗവ. എൽ.പി. സ്കൂൾ വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ (പ്രൊ.നം.117/22) എന്ന പ്രൊജക്ട് മുഖേന നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 1,49,160/- രൂപ ചെലവഴിച്ച് (വൗ. നം.- 22102516/31.03.22) ജി.എൽ.പി.എസ്. ഈസ്റ്റ്, ജി.എൽ.പി.സ് (ബി.ടി.എസ്.) എന്നീ സ്കൂളുകളിലേക്കായി താഴെ പറയുന്നവ വാങ്ങിയിട്ടുണ്ട്.

| ക്രമനമ്പർ | ഇനം | എണ്ണം | വില (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|
| 1 | ഡബിൾ ടേബിൾ & സീറ്റ് | 10 | 48,900 |
| 2 | മൈക്ക്, ആംപ്ലിഫയർ വിത്ത് പോഡിയം | 1 | 53,115 |
| 3 | ലാപ് ടോപ്പ് | 1 | 47,145 |
| ആകെ | | | 1,49,160 |

മേൽ ഇനങ്ങൾ വാങ്ങിയിരിക്കുന്നത് സിഡ്കോ, ഒല്ലൂരിൽ നിന്നാണ് (ഇൻവോയ്സ് നം. OLR/21-22 /427/30.03.22 Rs.1,49,160/-). വാങ്ങലുകളിൽ കണ്ടെത്തിയ അപാകം താഴെ ചേർക്കുന്നു.

സർക്കുലർ നം. ഐ.റ്റി.സെൽ-1/26/2019/വി.സ.വ തീയതി 18.03.2019 പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും, സ്വയംഭരണ സ്ഥാപനങ്ങൾക്കും, പൊതുമേഖലാസ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.റ്റി. ഉപകരണങ്ങൾ വാങ്ങേണ്ടത് കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Centralised Procurement And Rate Contract System (Cprcs) മുഖേനയാണ്.

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ളതും 25,000/- രൂപയിലധികം മൂല്യമുള്ളതുമായ സാധനങ്ങൾ കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഓൺലൈൻ പോർട്ടൽ ആയ Government E-Market Place (GeM) ൽ ലഭ്യമെങ്കിൽ നിർബന്ധമായും GeM ൽ നിന്നും വാങ്ങേണ്ടതാണ്. മേൽ പ്രകാരമുള്ള വാങ്ങൽ നടപടികൾ സ്വീകരിക്കുകയോ വില താരതമ്യം നടത്തുകയോ ചെയ്യാതെ ലാപ് ടോപ്പ്, മൈക്ക്, ആംപ്ലിയഫയർ മുതലായ ഉപകരണങ്ങൾ ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങിയതിനാൽ ഉപകരണങ്ങൾ ലഭ്യമായതിൽ ഏറ്റവും കുറഞ്ഞ വിലയ്ക്കാണ് വാങ്ങിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. മേൽ വാങ്ങൽ

നടത്തുന്നതിനെ സാധൂകരിക്കുന്ന ഉത്തരവ് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (02/28.03.23) മറുപടിയായി 2021-22 സാമ്പത്തിക വർഷം അവസാനിക്കുന്ന വേളയിലാണ് പദ്ധതി പെട്ടെന്ന് നടപ്പിലാക്കേണ്ട അത്യാവശ്യം വന്നതെന്നും സാധനങ്ങൾ വാങ്ങിക്കേണ്ടതിന്റെ അവസാനദിവസമാണ് പർച്ചേസ് നടത്താനായതെന്നും ആയതിനാൽ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. മറുപടിയോടൊപ്പം ലഭ്യമാക്കിയ സ.ഉ(കൈ)നം. 1/2016/എസ്.പി.ഡി. തീയതി 08/12/2016 ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങലുകൾ നടത്തുമ്പോൾ വാങ്ങുന്ന സാധനങ്ങളുടെ ആകെ വിലയുടെ പരമാവധി 50% മൂല്യമുള്ള സാധനങ്ങൾ മാത്രം പ്രസ്തുത പൊതുമേഖലാ സ്ഥാപനം ഉത്പാദിപ്പിക്കാത്ത സാധനങ്ങൾ വാങ്ങാവുന്നതാണ്. സാധനങ്ങളുടെ ആകെ വിലയുടെ 50% ൽ അധികം സ്ഥാപനം ഉത്പാദിപ്പിക്കാത്ത ഉത്പന്നങ്ങൾ ആണെങ്കിൽ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ വാങ്ങലിൽ ഇൻവോയ്സ് പ്രകാരം ലാപ് ടോപ്പ് HP എന്ന ബ്രാൻഡിൽ ഉള്ളതാണ്. മൈക്ക്, ആംപ്ലിഫയർ മുതലായവയും സിഡ്കോ ഉത്പാദിപ്പിക്കാത്ത ഇനങ്ങളാണ്. മേൽ സാഹചര്യത്തിൽ വാങ്ങിയ ഉപകരണങ്ങളുടെ വിലയുടെ മൂന്നിൽ രണ്ട് ഭാഗവും സിഡ്കോ ഉത്പാദിപ്പിക്കാത്തവയാണെന്ന് കാണാം. ആയതിനാൽത്തന്നെ മേൽ ഉത്തരവ് പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. മാത്രമല്ല, പ്രൊജക്ടുകൾ മുൻകൂട്ടി അംഗീകാരം ലഭിച്ചതാണെന്നിരിക്കെ സാമ്പത്തിക വർഷം അവസാന ദിവസം പർച്ചേസ് നടത്തേണ്ടി വന്നു എന്ന മറുപടി അംഗീകരിക്കത്തക്കതല്ല. ആയതിനാൽ നിലവിലുള്ള ഉത്തരവുകൾക്ക് വിരുദ്ധമായ വാങ്ങലിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നത് വരെ പ്രൊജക്ടിനായി ചെലവഴിച്ച 1,49,160/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-54 കന്നുകുട്ടി പരിപാലനം-അധിക വിഹിതം എസ് എൽ ബി പി യിൽ നിന്നും ഈടാക്കേണ്ടതാണ്

പ്രൊജക്ട് നം, പേര്-15/22 - കന്നുകുട്ടി പരിപാലനം
നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ
ചെലവ്- 1,68,750/- രൂപ (വൗച്ചർ നം.22102115/21.01.2022)
-3,31,250/-രൂപ (വൗച്ചർ നം.22102088/24.12.2021)
ആകെ-5,00,000/-(വികസനഫണ്ട്, ജനറൽ)

മേൽപ്രൊജക്ടിൽ 80 ഗുണഭോക്താക്കളുടെ വിഹിതമായി 5,00,000/- രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ചില ഗുണഭോക്താക്കൾ ഇടയ്ക്ക് വെച്ച് പദ്ധതിയിൽ നിന്നും വിട്ടുപോയതായും കുറച്ചുപേർ ഇതുവരെ സബ്സിഡി കൈപ്പറ്റിയിട്ടില്ല എന്നും കാണുന്നു. വിശദാംശങ്ങൾ:

| ക്രമ നം | പേര് | സബ്സിഡി കൈപ്പറ്റിയത് |
|---|---|---|
| 1 | അനിൽ, ആളൂർ | 2/22 മുതൽ 2/23 വരെ |
| 2 | ഗിരിജ വിശ്വംഭരൻ | 2/22 മുതൽ 5/22 വരെ |
| 3 | ബീന പറമ്പിക്കാടൻ | 2/22 മുതൽ 5/22 വരെ |
| 4 | ജോജി ജോസ് | ഇതുവരെ വാങ്ങിയില്ല |
| 5 | കൃഷ്ണകുമാർ | ഇതുവരെ വാങ്ങിയില്ല |

മേല്പറഞ്ഞ ഗുണഭോക്താക്കളുടെ അവശേഷിക്കുന്ന സബ്സിഡി വിഹിതം എസ് എൽ ബി പി യിൽ നിന്നും ഈടാക്കുവാനും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാനുമുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 12/01.04.2023)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സൂപ്പർവിഷൻ ചാർജ്ജ് അധികം നൽകി.

സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ. തി. 22.09.2015 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ധനകാര്യവകുപ്പിന്റെ (Industries & Public Works-B) 01.03.2019-ലെ സർക്കുലർ നം.18/2019/ഫിൻ ഖണ്ഡിക 6 പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് ഇത്തരം ആവശ്യങ്ങൾക്ക് പരിഗണിക്കേണ്ടത്. ഇപ്രകാരമല്ലാതെ ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജ് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | പ്രോജക്റ്റ് നം., പേര് | ചെലവു തുക, വൗച്ചർ നം., തിയതി | നൽകിയ തുക | നൽകാവുന്നത് (Estimate PAC Excluding GST*4%) | അധികം നൽകിയത് |
|---|---|---|---|---|---|
| 1. | 151/22 മുനിസിപ്പൽ ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 827094/ | 33084+4783 | 33810 (845248.43x4%) | 4057 |
| 2. | നഗരസഭ ഓഫീസ് വൈദ്യുതീകരണം | 363686 | 14225 | 12692 (317315*4%) | 1533 |
| 3. | നഗരസഭ ഓഫീസ് ജനറേറ്റർ | 768761 | 29675 | 26395 (659898*4%) | 3280 |
| 3 | | | | | 8870 |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (33/04.04.23, 51/05.04.23) നൽകിയതിന് മറുപടിയായി തുക ഈടാക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിലെ ഇലക്ട്രിക്കൽ വിഭാഗത്തിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | ലഭ്യമല്ല | 36,00,000 |
| | ചാലക്കുടി മാർക്കറ്റ് മുതൽ വെട്ടുകടവ് വരെയുള്ള കുടിവെള്ള പൈപ്പ് | | 30,00,000 |

| | | | |
|---|---|---|---|
| | ലൈൻ മാറ്റി സ്ഥാപിക്കൽ | | |
| KSEB | Connection Load Revising V R Puram Community Hall | | 18,114 |
| | Post Shifting At Rest House Tramway Byelane Road | | 14,365 |
| | Post Shifting At Ward 10 | | 12,600 |
| | Post Shifting At Ward 30 | | 17,402 |
| | Post Shifting At Ward 21 | | 7,200 |
| | Post Shifting At Ward 31 | | 6,148 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. ഈ വിവരങ്ങൾ വാർഷിക കണക്കിലെ B-5 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. അപാകത കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | SANCTION ORDER NO 2278/ 18/08/2018 | 3,92,00,000 | 3,39,73,333 | 26,13,333 (മുതൽ) | | 3,13,60,000 |
| FEDERAL BANK | ORDER NO 1046/ 04/06/2020 | 36,80,000 | 36,80,000 | 25,57,884 (മുതൽ) 2,42,116 (പലിശ) | | 11,22,116 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 608957 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 608957 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 608957 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2016-17 | 3.1 | 2017-18 | സ്റ്റേഡിയത്തിനായി അക്വയർ ചെയ്ത വകയിൽ ബാധ്യത | നിലവിൽ 27.5 കോടിരൂപ ബാധ്യതയുണ്ട്. ഏറ്റെടുത്ത സ്ഥലത്ത് സ്റ്റേഡിയ നിർമ്മാണം പൂർത്തികരിച്ചുവരുന്നു |
| 2016-17 | 3.6 | 2017-18 | 2010-11ൽ അംഗീകാരം ലഭിച്ച ഇൻഫോർമേഷൻ എഡ്യൂക്കേഷൻ ആന്റ് ട്രഡീഷണൽ കൾച്ചർ സെന്റർ നിർമ്മാണം പൂർത്തിക്കരിച്ചിട്ടില്ല | പൂർത്തികരിച്ചു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളുടെ വിവരം ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36,13,61,228 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37,28,03,607 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8,870/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 47,37,855/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8,870/- | ശ്രീ. അശോക്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ. |
| ആകെ | 8,870/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 4,97,101 | ശ്രീമതി. സാജി, ഹെഡ് മിസ്ട്രസ്, ഗവ. ഹൈസ്കൂൾ, വി.ആർ.പുരം |
| 1-27 | 1,51,677 | ഡോ. ഷീജ എൻ.എ., സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| 1-32 | 6,84,758/ | ശ്രീ. ആകാശ് എം.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-34 | 20,59,042/- | ശ്രീ. ആകാശ് എം.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 1-36 | 8,99,000/- | ശ്രീ.വി.ഒ പൈലപ്പൻ, ചെയർമാൻ |
| | | ശ്രീമതി ജിജി ജോൺസൻ, കൗൺസിലർ |
| | | ശ്രീ.എബി ജോർജ്ജ്, കൗൺസിലർ |
| | | ശ്രീ.വത്സൻ ചമ്പക്കര, കൗൺസിലർ |
| | | ശ്രീ.ജോയ് ചാമവളപ്പിൽ, കൗൺസിലർ |
| | | ശ്രീമതി സൗമ്യ വിനേഷ്, കൗൺസിലർ |
| | | ശ്രീമതി പ്രീതി ബാബു, കൗൺസിലർ |
| | | ശ്രീമതി സൂസമ്മ ആന്റണി, കൗൺസിലർ |
| | | ശ്രീ.തോമസ് മാളിയേക്കൽ, കൗൺസിലർ |
| | | ശ്രീമതി സൂസി സുനിൽ, കൗൺസിലർ |
| | | ശ്രീ. എം.എം. അനിൽകുമാർ, കൗൺസിലർ |
| | | അഡ്വ.ബിജു എസ് ചിറയത്ത്, കൗൺസിലർ |
| | | ശ്രീമതി സിന്ധു ലോജു, കൗൺസിലർ |
| | | ശ്രീ. ദീപു ദിനേശ്, കൗൺസിലർ |
| | | ശ്രീ. വി.ജെ ജോജി, കൗൺസിലർ |
| | | ശ്രീമതി എലിസബത്ത് ടി.ഡി കൗൺസിലർ |
| | | ശ്രീമതി നീത പോൾ, കൗൺസിലർ |
| | | ശ്രീമതി സി.ശ്രീദേവി, കൗൺസിലർ |
| | | ശ്രീമതി സുധാ ഭാസ്കരൻ, കൗൺസിലർ |
| | | ശ്രീമതി കെ.വി പോൾ, കൗൺസിലർ |
| | | ശ്രീമതി ജിതി രാജൻ, കൗൺസിലർ |
| | | ശ്രീമതി ജോർജ്ജ് തോമസ്, കൗൺസിലർ |
| | | ശ്രീമതി ആനി പോൾ, കൗൺസിലർ |
| | | ശ്രീ. ബാലൻ കെ.പി, കൗൺസിലർ |
| | | ശ്രീമതി റോസി ലാസർ, കൗൺസിലർ |
| | | ശ്രീ.ജോജി.കെ.ജെ, കൗൺസിലർ |
| | | ശ്രീമതി ആലീസ് ഷിബു, കൗൺസിലർ |
| | | ശ്രീ ഷിബു വാലപ്പൻ, കൗൺസിലർ |
| | | ശ്രീമതി ലിബി ഷാജി, കൗൺസിലർ |
| | | ശ്രീമതി ബെറ്റി വർഗ്ഗീസ്, കൗൺസിലർ |
| 1-52 | 2,97,117/- | ശ്രീമതി. ഷീബ ടി.ബി., ഹെഡ്മിസ്ട്രസ്, ഗവ.ഗേൾസ് ഹൈസ്കൂൾ,ചാലക്കുടി |
| 1-53 | 1,49,160 | ശ്രീമതി. ശ്രീജ, ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.സ്കൂൾ,ചാലക്കുടി |

| | | |
|---|---|---|
| ആകെ | 47,37,855 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആകാശ്. എം.എസ് മുനിസിപ്പൽ സെക്രട്ടറി | സെക്രട്ടറി, ചാലക്കുടി നഗരസഭ | മാൻകിഴിയിൽ വീട് പുലിക്കുട്ടിശ്ശേരി. പി.ഒ അയ്മനം, കോട്ടയം |
| ശ്രീ. അശോക് കുമാർ അസി. എഞ്ചിനീയർ | A.E ചാലക്കുടി നഗരസഭ | കാവിൽ വീട് പി.ഒ. കൊടകര തൃശ്ശൂർ-680684 |
| ശ്രീമതി. ഷീബ. ടി.ബി. ഹെഡ് മിസ്ട്രസ്, ഗവ. ഗേൾസ് ഹൈസ്കൂൾ | ഹെഡ് മിസ്ട്രസ്, ഗവ. ഗേൾസ് ഹൈസ്കൂൾ | ചെറുപറമ്പിൽ ഹൗസ്, കോടശ്ശേരി പി.ഒ, 680721 |
| ശ്രീമതി. സാജി, ഹെഡ് മിസ്ട്രസ്, വി.ആർ.പുരം ഗവ. ഹൈസ്കൂൾ | ഹെഡ് മിസ്ട്രസ്, വി.ആർ.പുരം ഗവ. ഹൈസ്കൂൾ | നടുക്കുടി ഹൗസ്, മനക്കുളങ്ങര പി.ഒ, 680684 |
| ശ്രീമതി. ശ്രീജ, ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്. | ഹെഡ് മിസ്ട്രസ് ജി.എൽ.പി.എസ് | മുല്ലശ്ശേരി ഹൗസ്, പോട്ട പി.ഒ |
| ഡോ. ഷീജ. എൻ.എ. സൂപ്രണ്ട് | താലൂക്ക് ആശുപത്രി, ചാലക്കുടി | നെല്ലിക്കൽ ഹൌസ് പുത്തൻചിറ (S) പുത്തൻചിറ (പി.ഒ) പിൻ – 680682 |
| ശ്രീ.വി.ഒ പൈലപ്പൻ, കൗൺസിലർ | | വേഴപ്പറമ്പിൽ ഹൗസ്, ചാലക്കുടി – 680307 |
| ശ്രീമതി ജിജി ജോൺസൻ, കൗൺസിലർ | | ഞാരേക്കാടൻ ഹൗസ്, ആശാരിപ്പാറ, പോട്ട – 680722 |
| ശ്രീ.എബി ജോർജ്ജ്, കൗൺസിലർ | | ചിറയത്ത് ഹൗസ്, പോട്ട – 680722 |
| ശ്രീ.വത്സൻ ചമ്പക്കര, കൗൺസിലർ | | ചമ്പക്കര ഹൗസ്,പോട്ട – 680722 |
| ശ്രീ.ജോയ് ചാമവളപ്പിൽ, കൗൺസിലർ | | ചാമവളപ്പിൽ ഹൗസ് ,പോട്ട – 680722 |
| ശ്രീമതി സൗമ്യ വിനേഷ്, കൗൺസിലർ | | അക്കലപറമ്പിൽ ഹൗസ്, പോട്ട – 680722 |

| | | |
|---|---|---|
| ശ്രീമതി പ്രീതി ബാബു, കൗൺസിലർ | കൗൺസിലർ | നാലുകണ്ടത്തിൽ ഹൗസ്, ചൗക്ക, എലിഞ്ഞിപ്ര – 680721 |
| ശ്രീമതി സൂസമ്മ ആന്റണി, കൗൺസിലർ | | തേവലപ്പിള്ളി ഹൗസ്, ചാലക്കുടി – 680307 |
| ശ്രീ.തോമസ് മാളിയേക്കൽ, കൗൺസിലർ | | മാളിയേക്കൽ ഹൗസ്, ചാലക്കുടി – 680307 |
| ശ്രീമതി സൂസി സുനിൽ, കൗൺസിലർ | | പടമാടൻ ഹൗസ്, കൂടപ്പുഴ, ചാലക്കുടി – 680307 |
| ശ്രീ. എം.എം. അനിൽകുമാർ, കൗൺസിലർ | | മഴവാൻപിള്ളി ഹൗസ്, കൂടപ്പുഴ, ചാലക്കുടി – 680307 |
| അഡ്വ.ബിജു എസ് ചിറയത്ത്, കൗൺസിലർ | | ചിറയത്ത് ഹൗസ്, ചാലക്കുടി – 680307 |
| ശ്രീമതി സിന്ധു ലോജു, കൗൺസിലർ | | കിഴക്കുംതല ഹൗസ്, ചാലക്കുടി – 680307 |
| ശ്രീ. ദീപു ദിനേശ്, കൗൺസിലർ | | നെട്ടുംചിറ ഹൗസ്, ചേനത്തുനാട്, ചാലക്കുടി – 680307 |
| ശ്രീ. വി.ജെ ജോജി, കൗൺസിലർ | | വടക്കുംചേരി ഹൗസ്, ഹൗസിംഗ് ബോർഡ്, ചാലക്കുടി – 680307 |
| ശ്രീമതി എലിസബത്ത് ടി.ഡി കൗൺസിലർ | | മേലിക്കാട്ടിൽ ഹൗസ്, ചാലക്കുടി – 680307 |
| ശ്രീമതി നീത പോൾ, കൗൺസിലർ | | വെള്ളാനിക്കാരൻ ഹൗസ്, ചാലക്കുടി – 680307 |
| ശ്രീമതി സി.ശ്രീദേവി, കൗൺസിലർ | | പുന്നക്കാട്ടിൽ ഹൗസ്, കണ്ണംമ്പുഴ ടെമ്പിൾ റോഡ്, ചാലക്കുടി – 680307 |
| ശ്രീമതി സുധാ ഭാസ്കരൻ, കൗൺസിലർ | | മാമ്പ്രക്കാട്ടിൽ ഹൗസ്, ചാലക്കുടി – 680307 |
| ശ്രീമതി കെ.വി പോൾ, കൗൺസിലർ | | കല്ലിങ്ങൽ ഹൗസ്, വെസ്റ്റ് ചാലക്കുടി – 680307 |
| ശ്രീമതി ജിതി രാജൻ, കൗൺസിലർ | | പഴമ്പിള്ളി ഹൗസ്, വെസ്റ്റ് ചാലക്കുടി – 680307 |
| ശ്രീമതി ജോർജ്ജ് തോമസ്, കൗൺസിലർ | | ഉള്ളാട്ടിക്കുളം ഹൗസ്, കോട്ടാറ്റ്, ചാലക്കുടി – 680307 |
| ശ്രീമതി ആനി പോൾ, കൗൺസിലർ | | തച്ചുപറമ്പിൽ ഹൗസ്, വെസ്റ്റ് ചാലക്കുടി – 680307 |
| ശ്രീ. ബാലൻ കെ.പി, കൗൺസിലർ | | കടയത്ത് ഹൗസ്, വെസ്റ്റ് ചാലക്കുടി – 680307 |
| ശ്രീമതി റോസി ലാസർ, കൗൺസിലർ | | ആട്ടോക്കാരൻ ഹൗസ്, ചാലക്കുടി – 680307 |
| ശ്രീ.ജോജി.കെ.ജെ, കൗൺസിലർ | | പുതുശ്ശേരി കാട്ടാളൻ, ചാലക്കുടി – 680307 |

| | | |
|---|---|---|
| ശ്രീമതി ആലീസ് ഷിബു, കൗൺസിലർ | | വാലപ്പൻ, വി.ആർ പുരം – 680722 |
| ശ്രീ ഷിബു വാലപ്പൻ, കൗൺസിലർ | | വാലപ്പൻ, വി.ആർ പുരം – 680722 |
| ശ്രീമതി ലിബി ഷാജി, കൗൺസിലർ | | പുതുശ്ശേരി കാട്ടാളൻ, പോട്ട – 680722 |
| ശ്രീമതി ബെറ്റി വർഗ്ഗീസ്, കൗൺസിലർ | | വാറോക്കി, പോട്ട – 680722 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1975-76 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1976-77 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1977-78 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1978-79 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1979-80 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1980-81 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1981-82 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1982-83 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1983-84 | എൽ.എഫ്.ടി.4-646/89/08-08-89 |
| 1984-85 | എൽ.എഫ്.ടി.4-1551/90/26-06-91 |
| 1985-86 | എൽ.എഫ്.ടി.4-332/93/15-10-93 |
| 1986-87 | എൽ.എഫ്.ടി.4-1431/93/18-10-94 |
| 1987-88 | എൽ.എഫ്.ടി.4-863/95/05-02-96 |
| 1988-89 | എൽ.എഫ്.ടി.4-863/98/05-02-96 |
| 1991-92, 1992-93 | എൽ.എഫ്.ടി.4-1163/97/01-01-98/05-02-98 |
| 1993-94 | എൽ.എഫ്.ടി.4-1330/05/23-12-05/07-04-06 |
| 1994-95, 95-96 | എൽ.എഫ്.ടി.4-1400/08/15-12-09 |
| 1996-97 | എൽ.എഫ്.ടി.4-1423/08/15-12-09 |
| 1997-98 | എൽ.എഫ്.ടി.4-1430/08/15-12-09 |
| 1996-97 (ചെലവ്) | എൽ.എഫ്.ടി.4-742/96/02-11-98 |
| 1997-98 (ചെലവ്) | എൽ.എഫ്.ടി.4-809/99/28-08-99 |
| 1998-99 (ചെലവ്) | എൽ.എഫ്.ടി.4-1136/01/01-06-02 |
| 1999-2000 (വരവ്) | എൽ.എഫ്.ടി.4-652/09/23-04-10 |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.4-598/02/09-08-02 |
| 2000-01 (ചെലവ്) | എൽ.എഫ്.ടി.4-1461/04/14-12-04 |
| 2001-02 (വരവ്) | എൽ.എഫ്.ടി.4-654/09/23-04-10 |
| 2002-03 | എൽ.എഫ്.ടി.4-655/09/23-04-10/29-10-10 |
| 2003-04 | എൽ.എഫ്.ടി.4-656/09/21-06-10/13-10-10 |

| | |
|---|---|
| 2004-05 | എൽ.എഫ്.ടി.4-657/09/22-06-10/23-10-10 |
| 2005-06 | എൽ.എഫ്.ടി.4-859/02-11-11/09-01-12 |
| 2006-07 | എൽ.എഫ്.ടി.4-949/02-11-11/07-01-12 |
| 2008-09 | എൽ.എഫ്.ടി(എം)1905/11/30-12-11 |
| 2009-10 | എൽ.എഫ്.ടി(എം)2612/11/19-06-12 |
| 2000-01 (വരവ്) | എൽ.എഫ്.ടി.4-653/81/23-04-10 |
| 2001-02 (ചെലവ്) | എൽ.എഫ്.ടി.4-1329/05/15-01-06 |
| 2010-11 | എൽ.എഫ്.ടി(എം)2613/11/19-06-12/08-08-12 |
| 2011-12 | എൽ.എഫ്.ടി(എം)2467/12/തീയതി.13-03-13/11-06-13 |
| 2012-13 | എൽ.എഫ്.ടി(എം)-850/14 തീയതി.09-10-14/08-12-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(എം)1272/15 തീയതി.17.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(എം)1439/16 തീയതി.8.8.16 |
| 2015-16 | കെ.എസ്. എ.ടി.എസ്.ആർ.(എം)98/2017 തീയതി.31.01.2017 |
| 2016-17 | കെ.എസ്. എ.ടി.എസ്.ആർ.(എം)161.5/2017 തീയതി.15.11.2017 |
| 2017-18 | കെ.എസ്. എ.ടി.എസ്.ആർ.(എം)864/2019 തീയതി.10.07.2019 |
| 2018-19 | നം. കെ.എസ്.എ. ടി.എസ്.ആർ(എം.)324/2020 തീയതി: 02/07/2020 |
| 2019-20 | നം. കെ.എസ്.എ. ടി.എസ്.ആർ(എം.)3 – 161/2022 തീയതി. 02/04/2022 |
| 2020-21 | നം. കെ.എസ്.എ. ടി.എസ്.ആർ(എം.)3 – 162/2022 തീയതി. 21.03.2022 |

ജോയിന്റ് ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്